# മലയാളിയും ശാസ്ത്രബോധവും

ടി കെ ദേവരാജൻ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

| | |
|---|---|
| **മലയാളം** | **malayalam** |
| **മലയാളിയും ശാസ്ത്രബോധവും** | **malayaliyum sasthrabodhavum** |
| **ടി. കെ. ദേവരാജൻ** | **t. k. devarajan** |
| പ്രസാധനം, വിതരണം: | published & distributed by: |
| കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | kerala sasthra sahithya parishath |
| തൃശ്ശൂർ-680 004 | thrissur - 680 004 |
| ഇ-മെയിൽ: | e-mail: |
| ksspbooks@gmail.com | ksspbooks@gmail.com |
| ഒന്നാംപതിപ്പ്: | first edition: |
| ഒക്ടോബർ 2009 | october 2009 |
| ലിപി വിന്യാസം: | type setting: |
| യുറീക്ക, കോഴിക്കോട് | eureka, kozhikode |
| കവർ: | cover: |
| പ്രശാന്ത് | prasanth |
| അച്ചടി: | printed at: |
| പ്രോഗ്രസ്സീവ്, കൊച്ചി-17 | progressive, kochi-17 |
| **വില : 10.00** | **price : 10.00** |

KSSP 1563 IE Oct. 2009 D1/8 1K 1000 FT 824/09

# പ്രസാധകക്കുറിപ്പ്

ആധുനികശാസ്ത്രവിജ്ഞാനം, ശാസ്ത്രീയ വീക്ഷണം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യമുള്ള ഏതൊരാളെ സംബന്ധിച്ചിടത്തോളവും ഏറെ പ്രാധാന്യമുള്ള വർഷമാണ് 2009. ഭൗതികശാസ്ത്രരംഗത്ത് പൊതുവിലും ജ്യോതിശ്ശാസ്ത്രരംഗത്ത് പ്രത്യേകിച്ചും യുഗപരിവർത്തനത്തിന് തുടക്കം കുറിച്ച ഗലീലിയോ ഗലീലിയുടെ പ്രശസ്തമായ ടെലിസ്കോപ്പ് നിരീക്ഷണം നടന്നിട്ട് 400 സംവത്സരങ്ങൾ പൂർത്തിയാകുന്നത് ഈ വർഷമാണ് . അതുപോലെ തന്നെ ജീവശാസ്ത്രരംഗത്ത് അന്നുവരെ നിലനിന്നിരുന്ന ഒട്ടേറെ അബദ്ധധാരണകളെ തകിടം മറിച്ച് ആധുനിക ജീവശാസ്ത്രത്തിന് അടിത്തറപാകിയ ചാൾസ് ഡാർവിന്റെ 200–ാം ജന്മവാർഷികവും, അദ്ദേഹത്തിന്റെ 'സ്പീഷീസുകളുടെ ഉത്പത്തി' (Origin Of Species) എന്ന മഹദ്ഗ്രന്ഥം പ്രസിദ്ധീകൃതമായിട്ട് 150 സംവത്സരങ്ങൾ പൂർത്തിയാകുന്നതും ഈ വർഷം തന്നെ. ചുരുക്കത്തിൽ നവ മാനവസംസ്കാരത്തിന്റെ അസ്തിവാരമെന്ന് നിസ്സംശയം വിശേഷിപ്പിക്കാവുന്ന ആധുനിക ശാസ്ത്രത്തിന്റെ ചരിത്രത്തിലെ അത്യന്തം പ്രാധാന്യമേറിയ ചില മുഹൂർത്തങ്ങളുടെ ഓർമ പുതുക്കിക്കൊണ്ടാണ് 2009 നമ്മുടെ മുന്നിൽ എത്തുന്നത്. ഇന്ത്യൻ ആണവ പരിപാടിയുടെയും ബഹിരാകാശ ഗവേഷണത്തിന്റേയും ഉപജ്ഞാതാവായ ഹോമി ജെ ഭാഭയുടെ ജന്മശതാബ്ദി വർഷമാണ് ഇതെന്ന കാര്യവും ഈ അവസരത്തിൽ സ്മരണീയമാണ്.

ഈ ചരിത്രമുഹൂർത്തത്തിന്റെ സവിശേഷ പ്രാധാന്യം കണക്കിലെടുത്ത് കൊണ്ട് 2009 –2010 പ്രവർത്തനവർഷം ശാസ്ത്രവർഷമായി ആചരിക്കാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തീരുമാനിച്ചിരിക്കുകയാണ്. ആധുനിക ശാസ്ത്രവിജ്ഞാനവും ശാസ്ത്രബോധവും സമസ്ത ജനവിഭാഗങ്ങളിലേക്കും പ്രസരിപ്പിക്കുക എന്നത് പണ്ടെന്നത്തേക്കാളും ഇന്ന് പ്രസക്തമായി തീർന്നിരിക്കുന്നു എന്ന വിശ്വാസമാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ പരിഷത്തിനെ പ്രേരിപ്പിക്കുന്നത്.

ആധുനിക ശാസ്ത്രവിജ്ഞാനത്തിന്റെ അനന്തസാധ്യതകൾക്കും അതുണർത്തിവിടുന്ന ഉദാത്തമായ ജിജ്ഞാസക്കുമൊപ്പം, ശാസ്ത്രസാങ്കേതിക വിദ്യകളുടെ വിവേകപൂർണമായ ഉപയോഗവും അവയ്ക്ക് മേലുള്ള സാമൂഹ്യനിയന്ത്രണവും വ്യാപകമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതുണ്ടെന്ന് പരിഷത്ത് കരുതുന്നു. ഇതിന്റെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ ശാസ്ത്ര പ്രചാരണ പ്രവർത്തനങ്ങൾക്കാണ് പരിഷത്ത് രൂപം നൽകിയിട്ടുള്ളത്. ശാസ്ത്രവർഷാചരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ലഘുഗ്രന്ഥപരമ്പരയിലെ ഒരു പുസ്തകമാണിത്.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# നമ്മുടെ ഇന്നലെകൾ

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നാണ്, ടൂറിസ്റ്റുകളെ ആകർഷിക്കാൻ നാം ഉയർത്തിയ പരസ്യവാചകം. കേരളക്കരയുടെ പ്രകൃതിരമണീയതയെക്കുറിച്ചുള്ള അഭിമാനമാണ് അതിൽ അടങ്ങിയിരിക്കുന്നത്. എന്നാൽ ഇക്കാര്യം മാത്രമല്ല നാം അഭിമാനത്തോടെ പുറംലോകത്തോട് പറയാറുള്ളത്. ഞങ്ങളുടേത് സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമാണ്. 5–6 വയസ്സായ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കാൻ നമുക്ക് കഴിയുന്നു. മലയാളിയുടെ ശരാശരി ആയുസ്സ് അഖിലേന്ത്യാ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ മരണം കേരളത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകളുടെ നില പുരുഷന്മാരുടേതിനൊപ്പമോ മുന്നിലോ ആണ്. ഇവിടുത്ത 95 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കിടപ്പാടവും താമസയോഗ്യമായ വീടും ഉണ്ട്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ മലയാളികൾ ഏറെ മുന്നിലാണ്...

ഇവയൊക്കെ മറ്റുള്ളവർ തലകുലുക്കി അംഗീകരിക്കുന്ന വസ്തുതകൾ തന്നെ. എന്നാൽ ഈ നേട്ടങ്ങൾ എങ്ങനെയാണ് സാധ്യമായത്? ജനങ്ങളുടെ ജീവിതത്തിൽ വന്ന ഈ പ്രകടമായ മാറ്റങ്ങൾ അത്ര വിദൂരമായ കാലത്തല്ല സംഭവിച്ചത്. 50 വയസ്സിന്മേൽ പ്രായമുള്ള ആരുടേയും ഓർമ്മയിൽ വരാൻ പറ്റുന്ന സംഭവങ്ങളിലൂടെയാണ് ഈ നേട്ടങ്ങൾ മിക്കവയും ഉണ്ടായത്. സാർവത്രികവിദ്യാഭ്യാസം കൈവരിക്കുന്നതിൽ നമ്മെ സഹായിച്ചത് എന്താണ്? ഒന്ന് രണ്ട് കിലോമീറ്റർ ചുറ്റളവിൽ ഒരു എൽ.പി.സ്കൂൾ, പഞ്ചായത്തിൽ ഒരു ഹൈസ്കൂളെങ്കിലും, എന്നിങ്ങനെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത വിദ്യാഭ്യാസ പുരോഗതിയെ സഹായിച്ചു. പക്ഷെ, ലഭ്യത

കൊണ്ട് മാത്രമായില്ലല്ലോ. അരപ്പട്ടിണിയും മുഴുപ്പട്ടിണിയും ആയ സാധാരണക്കാർക്ക് ഈ വിദ്യാലയങ്ങളിൽ ചേർന്ന് പഠിക്കാൻ കഴിഞ്ഞത് അവിടെ വിദ്യാഭ്യാസം സൗജന്യമായിരുന്നതിനാലാണ്. മാത്രമല്ല വീട്ടിൽ പട്ടിണിയായിരുന്ന കുട്ടികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം കിട്ടുന്ന സാഹചര്യവുമുണ്ടായി. സർക്കാർ ഉടമസ്ഥതയിലും സഹായത്തിലുമുള്ള വിദ്യാലയങ്ങളിലൂടെയാണ് ഇവ സാധ്യമായത്. ഇനി ആരോഗ്യരംഗത്തുണ്ടാക്കിയ നേട്ടത്തിന്റെ പിന്നിലെന്തെന്ന് നോക്കാം. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തിയ റേഷൻസംവിധാനം, പകർച്ചവ്യാധികൾ പടരാതിരിക്കാൻ ശ്രദ്ധയോടെ നിലകൊള്ളുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് നടന്ന രോഗപ്രതിരോധ കുത്തിവെപ്പുകൾ, രോഗം വന്നാൽ ചികിത്സിക്കാൻ ഏത് പാവപ്പെട്ടവനും പ്രാപ്യമാവുന്ന സർക്കാർ ആശുപത്രികൾ, വിദ്യാഭ്യാസത്തിലൂടെ കൈവന്ന ഉയർന്ന ശുചിത്വബോധം.......ഇവിടെയും സർക്കാർ നടപടികളാണ് മലയാളികളുടെ ഉയർന്ന ആരോഗ്യനിലവാരത്തിന്റെ പിന്നിലെന്ന് കാണാൻ കഴിയും. ബഹുഭൂരിപക്ഷത്തിനും ഭൂമി സ്വന്തമായതും കിടപ്പാടമുണ്ടായതും സർക്കാർ നിമയങ്ങളിലൂടെയും സഹായത്താലുമാണ്. ഈ വിധം നാം നേടിയ ഏതു നേട്ടത്തിന്റേയും വേരുകൾ അന്വേഷിച്ചാൽ ചെന്നെത്തുക ആ മേഖലയിലെ പുരോഗമനപരമായ സർക്കാർ നയങ്ങളിലാണ്.

കേരളസംസ്ഥാനം രൂപംകൊണ്ടതിൽ പിന്നീട് വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ സർക്കാർ വർധമാനമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ഇന്ന് കേരളത്തിൽ പകുതിയിലേറെപ്പേരും ജീവിതസാഹചര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ട സ്ഥിതിയിൽ കഴിയുന്ന ഇടത്തരക്കാരാണ്. ഇവരിൽ നല്ലൊരു ശതമാനത്തിന്റേയും മുൻതലമുറ വളരെ ക്ലേശകരമായ ജീവിതസാഹചര്യത്തിൽ കഴിഞ്ഞിരുന്നവരാണ്. അവർക്കെല്ലാം ഉയർന്നുവരാൻ കഴിഞ്ഞതും ഈ വിധത്തിലുള്ള സർക്കാർ നയങ്ങളുടെ ഫലമായാണ്.

പക്ഷേ എന്തുകൊണ്ട് ഇതൊക്കെ കേരളത്തിൽ മാത്രം? ഈ ചോദ്യം നമ്മെക്കൊണ്ടെത്തിക്കുന്നത് കേരളത്തിന്റെ രാഷ്ട്രീയ സവിശേഷതയിലേക്കാണ്. ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി നാം നടത്തിയ പ്രക്ഷോഭങ്ങളിലൂടെ, ജന്മിത്വത്തിനെതിരെ നടന്ന പോരാട്ടങ്ങളിലൂടെ, തൊഴിലാളികളുടെ അവകാശസമരങ്ങളിലൂടെ രൂപപ്പെട്ടതാണ് ആ രാഷ്ട്രീയ പരിതസ്ഥിതി. ജനങ്ങൾ അനുഭവിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങളുടേയും അടിസ്ഥാനം സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യങ്ങളിലാണെന്നും അവ പരിഹരിക്കാൻ സാമൂഹ്യമായ ഇടപെടലാണ് വേണ്ടതെന്നുമുള്ള തിരിച്ചറിവ്, അതിന്റെ ഫലമായി കേരളത്തിൽ അധികാരമേൽക്കുന്ന സർക്കാരുകൾ എന്തുചെയ്യണം എന്തു ചെയ്യരുത് എന്ന നിലപാടുകൾ, അവയ്ക്കുവേണ്ടി പ്രക്ഷോഭരംഗത്ത് ഇറങ്ങാനുള്ള സന്നദ്ധത–ജനങ്ങളുടെ ഈ രാഷ്ട്രീയബോധമാണ് കേരളത്തിൽ

രൂപംകൊണ്ട സർക്കാരുകളെക്കൊണ്ട് അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ എടുപ്പിച്ചത്. കേരളത്തിൽ ആദ്യം രൂപംകൊണ്ട ജനകീയ സർക്കാർ തന്നെ ഈ രാഷ്ട്രീയ ഇച്ഛാശക്തിയുടെ വിളംബരമായിരുന്നു. പിന്നീട് വന്ന സർക്കാരുകളൊന്നുംതന്നെ ആദ്യ സർക്കാർ നൽകിയ വികസനദിശയിൽനിന്ന് ഏറെയൊന്നും വ്യതിചലിക്കാൻ തയ്യാറായിട്ടില്ലെന്നത് ശ്രദ്ധേയമാണ്.അത്തരമൊരു രാഷ്ട്രീയപ്രക്രിയക്ക് സഹായകരമായ സാമൂഹ്യ സാഹചര്യം ഉണ്ടായതിന് പിന്നിൽ കേരളത്തിന്റെ ചരിത്രപരമായ സവിശേഷതകളുമുണ്ട്.

ഒരിക്കൽ അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഉച്ചനീചത്വങ്ങളുടേയും പേരിൽ ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ച നാടാണ് നമ്മുടേത്. അന്നത്തെ കേരളത്തെപ്പറ്റി വായിച്ചും പറഞ്ഞുമാണെങ്കിലും നാം ധാരാളം കേട്ടിട്ടുണ്ട്. ഉയർന്ന ജാതിക്കാരുടെ ദൃഷ്ടിയിൽപ്പോലും പെടാതിരിക്കാൻ പാത്തും പതുങ്ങിയും കഴിയേണ്ടിവന്ന അധഃസ്ഥിത വർഗക്കാർ, വിദ്യ നേടാനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ, വിദ്യാഭ്യാസം എങ്ങനെയെങ്കിലും ആർജ്ജിച്ചാൽത്തന്നെ ഔദ്യോഗിക രംഗത്ത് പ്രവേശിക്കുന്നതിനുള്ള വിലക്കുകൾ, താമസിക്കുന്ന ഭൂമിയിൽപ്പോലും രാപകൽ പണിയെടുത്തുണ്ടാക്കിയാൽ അതനുഭവിക്കാൻ 'യോഗ'മില്ലാത്ത കുടുംബങ്ങൾ, ചന്തവും ചാരുതയുമുള്ള സ്ത്രീകളെല്ലാം മേലാളരുടെ കാമപൂർത്തിക്കിരയാവേണ്ടിവരുന്ന അവസ്ഥ, സവർണ്ണ കുടുംബത്തിൽപ്പോലും പിറന്ന സ്ത്രീജനങ്ങൾക്ക് അടുക്കളയിലും മറക്കുടക്കുള്ളിലുമായി കഴിയേണ്ടുന്ന സ്ഥിതി....ഇങ്ങനെ എന്തെല്ലാം താന്തോന്നിത്തങ്ങളും അനാചാരങ്ങളുമായിരുന്നു അക്കാലഘട്ടത്തിൽ നടമാടിയിരുന്നത്! ഈയൊരു സാമൂഹ്യവ്യവസ്ഥ ആസ്വദിച്ചിരുന്നത് ഒരു ചെറു ന്യൂനപക്ഷം മാത്രമായിരുന്നു. ഭൂരിപക്ഷവും ഇതിന്റെ കെടുതികളനുഭവിച്ചവരാണ്. എന്നിട്ടും ഈ സാഹചര്യങ്ങൾ ദീർഘകാലം മാറ്റം കൂടാതെ നിലനിന്നതെന്തുകൊണ്ടാണ്? ഈ അനാചാരങ്ങളെല്ലാം ദൈവനിശ്ചയമെന്നും വിധി എന്നും വലിയ വിഭാഗം ജനങ്ങളും വിശ്വസിച്ചുപോയി. ജന്മിമാരുടേയും സവർണ്ണപുരോഹിതന്മാരുടേയും സൗഭാഗ്യങ്ങളുടെ കാരണം അവരുടെ ദൈവസാമീപ്യമാണെന്നും തങ്ങളുടെ ദുര്യോഗത്തിന്റെ കാരണം കാലക്കേടും ദൈവകോപവുമാണെന്നുള്ള ചിന്തയായിരുന്നു സാധാരണക്കാരെ നയിച്ചിരുന്നത്. ഇങ്ങനെ എല്ലാം സഹിച്ചും പീഡിപ്പിക്കപ്പെട്ടും അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയും കഴിയുന്ന ബഹുഭൂരിപക്ഷത്തേയും അതിൽ മതിമറന്ന് ജീവിക്കുന്ന പ്രമാണിമാരെയും കണ്ടാണ് കേരളത്തെ ഭ്രാന്താലയമെന്ന് സ്വാമി വിശേഷിപ്പിച്ചത്.

### നവോത്ഥാനത്തിന്റെ വെളിച്ചം

വിശ്വാസവും അന്ധവിശ്വാസവും കൂടിപ്പിണഞ്ഞ് കേരളീയ മനസ്സിന്റെ

ബോധമണ്ഡലത്തിൽ പടർന്നുകിടന്ന ആ മാറാലകളെ നീക്കിയത് നവോത്ഥാന പ്രസ്ഥാനമാണ്. സവർണ്ണപ്രമാണിമാർക്ക് ഐശ്വര്യവും അവർണ്ണർക്ക് പീഡനവും നൽകുന്ന സർവ്വശക്തനായ ദൈവത്തിന് ബദലായി, അവർണ്ണന്റെ ആത്മാഭിമാനവും ആത്മബലവും ഉയർത്താനായി ഒരു ബദൽ ദൈവത്തെത്തന്നെ ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠയിലൂടെ കേരളത്തിന് നൽകി. കണ്ടാലറിയാത്ത ജാതിയെ കേട്ടാലെങ്ങനെ അറിയുമെന്ന് ചോദിച്ച് ജാതിവ്യവസ്ഥയുടെ യുക്തിരാഹിത്യത്തെ ഗുരു തുറന്നുകാട്ടി. മരണാനന്തര ചടങ്ങുകളെക്കുറിച്ചുള്ള ഉത്കണ്ഠക്കു മറുപടിയായി 'ശവശീരം ചക്കിലിട്ടാട്ടി തെങ്ങിനിട്ടാൽ അതാവും നല്ലതെന്നും ശവശരീരത്തിനെന്താ നോവുമോ' എന്നും ചോദിച്ചുകൊണ്ട് യുക്തിപൂർവ്വം ആചാരങ്ങളെ പരിഹസിക്കുകയാണ് നാരായണഗുരു ചെയ്തത്. എന്നാൽ ഇത്തരം ചിന്തകൾ സമൂഹത്തിൽ സ്വീകാര്യമാകണമെങ്കിൽ ആദ്യം വേണ്ടത് വിദ്യാഭ്യാസമാണെന്ന തിരിച്ചറിവുമൂലമാണ് ഗുരു 'വിദ്യകൊണ്ട് പ്രബുദ്ധരാകാൻ' ആഹ്വാനം ചെയ്തത്. അന്ധവിശ്വാസത്തിന്റേയും വിധിവിശ്വാസത്തിന്റേയും മാറാലകൾ ബോധമനസ്സിൽ നിന്നും നീക്കാൻ വിദ്യാഭ്യാസം കൊണ്ടേ സാധ്യമാവൂവെന്നദ്ദേഹം തിരിച്ചറിഞ്ഞു. ഒപ്പം സംഘബോധത്തിന്റെ ആവശ്യകത ഊന്നി അധഃസ്ഥിത വിഭാഗങ്ങളിൽ ഈ വിധം യുക്തിബോധവും സംഘബലവും കൊണ്ടേ തങ്ങൾ നേരിടുന്ന പീഡനങ്ങൾ അവസാനിപ്പിക്കാൻ കഴിയൂ എന്ന ചിന്ത വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നതാണ് ശ്രീനാരായണഗുരുവിന്റെ മഹത്വം. ഇതിന്റെയെല്ലാം തുടർച്ചയായിരുന്നു സവർണ്ണർ പഠിക്കുന്ന വിദ്യാലയങ്ങളിൽ പുലയക്കുട്ടികൾക്ക് പഠിക്കാനാവില്ലെങ്കിൽ അവരുടെ കൃഷിഭൂമിയിൽ പണിയെടുക്കാൻ പുലയർക്കുമാവില്ലെന്ന അയ്യങ്കാളിയുടെ പ്രഖ്യാപനം. യുക്തിപരവും വർഗ്ഗപരവുമായ ഒരു കലാപം തന്നെയായിരുന്നു അത്.

ഈവിധം ഉയർന്നുവന്ന നവോത്ഥാനക്കാറ്റ് അധഃസ്ഥിത വർഗ്ഗങ്ങളിൽ മാത്രമല്ല സവർണ്ണ വിഭാഗങ്ങളിലെ അനാചാരങ്ങളിലേക്കും വീശിയടിച്ചു. അവർണ്ണവിഭാഗങ്ങളിലെ സ്ത്രീകൾക്ക് മാറുമറക്കാനുള്ള അവകാശത്തോടൊപ്പം സവർണ്ണവിഭാഗങ്ങളിലെ സ്ത്രീകൾക്ക് അടുക്കളയിൽ നിന്ന് അരങ്ങിലേക്കെത്താനും നവോത്ഥാനം സഹായിച്ചു. വിദ്യാഭ്യാസത്തോടും ശാസ്ത്രീയചിന്തകളോടുമുള്ള ആഭിമുഖ്യം സമൂഹത്തിൽ പ്രബലമായി. മതവിശ്വാസവും ദൈവവിശ്വാസവും ആത്മബലം വർധിപ്പിക്കാനുള്ള ഉപാധി മാത്രമായി പരിമിതപ്പെട്ടു. സാമൂഹ്യമാറ്റങ്ങൾക്കുവേണ്ടത് സംഘടിത പ്രക്ഷോഭങ്ങളും പ്രശ്നങ്ങളെ തിരിച്ചറിയാനുള്ള ശേഷിയുമാണെന്ന ധാരണ പ്രബലമായി. ഈ ധാരണയിൽ നിന്നുകൊണ്ടാണ് 'ജന്മിയുടെ പത്തായത്തിൽ നെല്ലുകുമിഞ്ഞുകൂടുമ്പോൾ അതുണ്ടാക്കാൻ പണിപ്പെട്ട തങ്ങൾ എന്തിനു പട്ടിണി കിടക്കണം' എന്ന ചിന്ത അടിയാളരിലേക്ക് എത്തിയത്. ജന്മിത്വവി

രുദ്ധപ്രക്ഷോഭങ്ങൾ ശക്തിയാർജ്ജിച്ചത്; നമ്മുടെ നാട് ഭരിക്കാനുള്ള അവകാശം നമുക്കുതന്നെയാണെന്ന വിശ്വാസം ബലപ്പെട്ടത്; തൊഴിലാളികൾക്ക് അവകാശങ്ങൾ ഉണ്ടെന്നും അവ ഉന്നയിച്ച് സമരം നടത്താമെന്നും തിരിച്ചറിഞ്ഞത്; ഈ വിധം ആധുനിക കേരളത്തിന്റെ നേട്ടത്തിനെല്ലാം അടിസ്ഥാനം നവോത്ഥാനപ്രസ്ഥാനം ഉയർത്തിവിട്ട യുക്തിചിന്തയും സംഘപ്രവർത്തനത്തിലൂടെ വികസിച്ച രാഷ്ട്രീയബോധവുമാണെന്ന് കാണാൻ പ്രയാസമില്ല.

## വീണ്ടും ഭ്രാന്താലയമാവുകയോ?

ഇന്ന് മലയാളിയുടെ സാമൂഹ്യബോധത്തെ നയിക്കുന്നത് ഈ നവോത്ഥാനമൂല്യങ്ങൾ തന്നെയാണോ? പത്രമാസികകളിലൂടേയും വഴിയോരങ്ങളിൽ ഉയരുന്ന പരസ്യഫലകങ്ങളിലൂടേയും കണ്ണോടിക്കുന്ന ഒരാൾ അത്ഭുതപ്പെട്ടുപോകും, പടിക്കുപുറത്താക്കിയ പല അന്ധവിശ്വാസങ്ങളും പൂർവ്വാധികം ശക്തിയോടെ പുതിയരൂപത്തിൽ തിരിച്ചുവന്നു കൊണ്ടിരിക്കുകയാണ്. ജ്യോതിഷവിശ്വാസം പാടെ പോയിരുന്നില്ല എങ്കിലും പത്തിരുപത് വർഷം മുമ്പ് വരെ വിവാഹംപോലുള്ള ചടങ്ങുകൾക്ക് സമയം കുറിക്കുന്നതിൽ മാത്രമായി അതിന്റെ പ്രാധാന്യം പരിമിതപ്പെട്ടിരുന്നു. എന്നാൽ ഇന്ന് സ്ഥിതിമാറിയിരിക്കുന്നു. ജീവിതസംബന്ധിയായ എല്ലാ സുപ്രധാന കാര്യങ്ങളിലും ജ്യോതിഷികളുടെ കൂടി ഉപദേശം സ്വീകരിച്ച് തീരുമാനം എടുക്കുന്ന രീതി വർധിച്ചുവരികയാണ്. സമൂഹത്തിൽ ഏറ്റവും വരുമാനവും അംഗീകാരവുമുള്ള തൊഴിലായി ജ്യോതിഷം മാറുകയാണെന്ന് തോന്നിപ്പോകുന്നു. ജ്യോതിഷികളുടെ എണ്ണത്തിലും വൻ വർധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ഒട്ടുമിക്ക പത്രമാസികകളുടേയും പ്രധാനപ്പെട്ടൊരു പംക്തിയാണ് വാരഫലം. ഏറ്റവും പ്രചാരമുള്ള മാസികകളിൽ ജ്യോതിഷ മാസികകൾ ഉൾപ്പെടുന്നു. ദൃശ്യമാധ്യമങ്ങളിൽ ചിലത് ഡോക്ടറോട് ചോദിക്കുക എന്നതുപോലെത്തന്നെ പ്രധാനപ്പെട്ടൊരു പരിപാടിയായി ജ്യോതിഷിയോട് ചോദിക്കലും ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോരുത്തരുടേയും ഭാവിരൂപപ്പെടുത്തുന്നതിൽ ജാതകത്തിന് നിർണ്ണായകസ്വാധീനം ഉണ്ടെന്നു വിശ്വസിക്കുന്നവരുടെ എണ്ണം എത്രത്തോളമുണ്ടെന്നുള്ളതിന്റെ സൂചനകളാണിവ.

ഇന്ന് സാമ്പത്തിക ശേഷിയുള്ളവരുടെയിടയിൽ വലിയതോതിൽ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു ഭൂതകാലസിദ്ധാന്തമാണ് വാസ്തു. കേരള

ത്തിൽ കഴിഞ്ഞ പത്തുപതിനഞ്ചുവർഷത്തിനുള്ളിൽ വൻ കുതിച്ചുചാട്ടമാണല്ലോ സംഭവിച്ചിട്ടുള്ളത്. സമീപകാലപ്രവണതകൾ സൂചിപ്പിക്കുന്നത്, ഗൃഹനിർമ്മാണത്തിന് പ്ലാൻ തയ്യാറാക്കാൻ സിവിൽ എഞ്ചിനിയറിംഗ് മാത്രംപോരാ ഭൂമിയുടെ കിടപ്പും വാസ്തുവിശ്വാസപ്രകാരം അതിന്റെ സ്ഥാനവും അളവുകളും കൂടി പരിഗണിക്കണമെന്നാണ്. എത്രയോ മനോഹരമായ വീടുകൾ വാസ്തുകൂടി പരിഗണിച്ച് ഭാവി ശോഭനമാക്കുന്നതിനായി പൊളിച്ച് പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇവിടേയും മാധ്യമങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. പുരോഗമനസ്വഭാവം പ്രകടിപ്പിക്കുന്നു എന്നവകാശപ്പെടുന്ന ചാനലുകൾ കൂടി വാസ്തുവിന്റെ പ്രചരണത്തിനായി സ്ഥിരം പരിപാടികൾ തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്.

മലയാളിയിൽ വളർന്നുവരുന്ന ആഭരണഭ്രമത്തേയും അന്ധവിശ്വാസങ്ങൾ സ്വാധീനിക്കുന്നുണ്ട്. വൻതോതിൽ സ്വർണ്ണാഭരണ വില്പന നടക്കുന്ന കേരളത്തിൽ ഇപ്പോൾ ജന്മനക്ഷത്രക്കല്ലുകൾ പതിച്ച ആഭരണങ്ങൾക്ക് വലിയ ഡിമാന്റാണ്. ഓരോരുത്തർക്കും അനുയോജ്യമായ രത്നങ്ങൾ ഏതെന്നു നിശ്ചയിക്കാൻ ജ്യോതിഷിയും അവയെത്തിച്ചുകൊടുക്കാൻ രത്നവ്യാപാരികളും സദാ സന്നദ്ധരായി നിൽക്കുന്നു. തങ്ങളുടെ ഭാവിജീവിതം ഇതിലൂടെ ശോഭനമാക്കാമെന്ന് വലിയ ഒരു വിഭാഗം പേർ വിശ്വസിക്കുന്നുണ്ടെന്നാണ് ഇവയുടെ പരസ്യവും മാർക്കറ്റും ശ്രദ്ധിക്കുമ്പോൾ കരുതേണ്ടത്. മുമ്പ് കേരളത്തിൽ യാതൊരു പ്രാധാന്യവും കല്പിക്കാത്ത അക്ഷയതൃതീയ ദിവസത്തിൽ ഇപ്പോൾ കേരളത്തിലെ സ്വർണ്ണക്കടകളിൽക്കാണുന്ന തിരക്കും മാധ്യമങ്ങൾ ഇറക്കുന്ന സപ്ലിമെന്റുകളും കേരളത്തിലെ ഇടത്തരക്കാരുടെ സമ്പന്നവിഭാഗങ്ങളുടേയും ചിന്തയുടെ സൂചനകളാണ്.

മാന്ത്രികക്കല്ലുകളോടൊപ്പം പ്രത്യേകമായി തയ്യാറാക്കിയ ഏലസ്സുകളും യന്ത്രങ്ങൾക്കും ഇന്ന് ഒട്ടേറെ ആവശ്യക്കാരുണ്ട്. പണമുണ്ടാക്കാൻ, ഉയർന്ന തൊഴിൽ ലഭിക്കാൻ, ശത്രുവിന്റെ മേൽ വിജയം നേടാൻ എന്നു തുടങ്ങി സ്ത്രീകളെ വശീകരിക്കാൻ പോലും പറ്റുമെന്ന് പ്രചരിപ്പിച്ചുള്ള ഏലസ്സുകളുടെ പരസ്യം പത്രമാധ്യമങ്ങളിൽ നിത്യേന കാണുന്നു. (സ്ത്രീപീഡനത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നു എന്ന് ഭാവിക്കുമ്പോഴും ഇത്തരം വശീകരണയന്ത്രങ്ങളുടെ പരസ്യം നൽകി മഹത്വവത്കരിക്കുന്നതിൽ പത്രങ്ങൾക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല). ഹസ്തരേഖ, നാഡീജ്യോതിഷം, മഷിനോട്ടം, ഗൗളിശാസ്ത്രം തുടങ്ങി വളരെ പരിഹാസ്യമായി കണ്ടിരുന്ന പലതും ഇപ്പോൾ ഇതുപോലെ തന്നെ ജീവൻവച്ചു തുടങ്ങിയിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഭാവിയെ മുൻകൂട്ടി അറിയാമെന്നും സ്വാധീനിക്കാമെന്നും അവകാശപ്പെടുന്ന ഏതു വിദ്യക്കും ഇപ്പോൾ നല്ല മാർക്കറ്റാണ്.

**യജ്ഞസംസ്കാരത്തിലേക്കുള്ള തിരിച്ചുപോക്കോ?**

ഉദ്ദിഷ്ട കാര്യപ്രാപ്തിക്കായി മന്ത്രവാദവും ഹോമവും യാഗവുമെല്ലാം ഇന്ന്

വ്യാപകമാവുന്നു. ആധുനിക ശാസ്ത്രവും ചികിത്സയുമെല്ലാം പരാജയപ്പെടുന്നിടത്ത് മന്ത്രവാദം വിജയിക്കുന്നതായുള്ള കഥകൾ പലരുടേയും ഇഷ്ടപ്രമേയമാണ്. മന്ത്രവാദത്തെ മഹത്വവൽക്കരിച്ച് ഇറക്കിയ പല സിനിമകളും റെക്കോർഡ് കളക്ഷൻ തന്നെ നേടിയിരുന്നു. കുടുംബങ്ങളിൽ നടക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങളെ നേരിടുന്നതിനുള്ള കുറുക്കുവഴിയായി ഹോമം തുടങ്ങിയ കാര്യങ്ങളെ കാണുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. യാഗങ്ങളുടെ കാര്യമാണ് അതിലേറെ കൗതുകകരം. മുമ്പ് പുരാണങ്ങളിൽ പുത്രഭാഗ്യത്തിനും മഴലഭിക്കാനും ശത്രുസംഹാരത്തിനുമെല്ലാം രാജാക്കന്മാർ നടത്തിയതായി പറയപ്പെടുന്ന യാഗങ്ങൾ ആധുനികസമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ ഇതിനകം നടന്നുകഴിഞ്ഞു. പുത്രകാമേഷ്ടിയും അതിരാത്രവും എല്ലാം കേരളത്തിൽ പരീക്ഷിക്കപ്പെട്ടു. രണ്ട് വർഷം മുമ്പ് ഒരേസമയത്ത് തൃശ്ശൂരിൽ ഒരു യാഗവും കണ്ണൂരിൽ മറ്റൊരു യാഗവും നടന്നു. കോടിക്കണക്കിന് രൂപയാണ് ഓരോ യാഗത്തിനും വേണ്ടി ചെലവഴിക്കപ്പെടുന്നത്. വ്യക്തിപരവും കുടുംബപരവും സാമൂഹ്യവുമായ എല്ലാ പ്രശ്നങ്ങൾക്കും യാഗത്തിലൂടെ പരിഹാരം തേടാനാവുമെന്ന് സംഘാടകർ പ്രചരിപ്പിക്കുമ്പോൾ അതിൽ കുറേയേറെപ്പേർ വിശ്വസിച്ചുപോകുന്നതായാണ് ഇവിടങ്ങളിലെ തിരക്കുകൾ സൂചിപ്പിക്കുന്നത്. യാഗത്തിന്റെ ഫലസിദ്ധിക്ക് സംഘാടകർ നടത്തുന്ന അവകാശവാദം ഇങ്ങനെ. യാഗത്തിലേക്ക് അന്നം ദാനം നൽകിയാൽ: ദാരിദ്ര്യം, കടം എന്നിവയിൽ നിന്ന് മുക്തി. തേൻ ദാനം നൽകിയാൽ പുത്രഭാഗ്യം. ഭൂമി ദാനം നൽകിയാൽ ബ്രഹ്മലോകപ്രാപ്തിയും ഈശ്വരദർശനവും. ജലം കൊണ്ടഭിഷേകം ചെയ്താൽ മനശ്ശുദ്ധി ലഭിക്കും. പാലുകൊണ്ടഭിഷേകം ചെയ്താൽ ആയുർവൃദ്ധി. നെയ്കൊണ്ടഭിഷേകം ചെയ്താൽ ബുദ്ധിശക്തി ലഭിക്കും. സ്വർണ്ണരത്നാദികൾ കൊണ്ടഭിഷേകം ചെയ്താൽ സർവ്വൈശ്വര്യങ്ങളും ലഭിക്കും. യാഗത്തിന്റെ ഫലമായി മഴയും സന്താനഭാഗ്യവുമെല്ലാം ഉണ്ടായതായി വിശ്വസിക്കുന്നവരും ഏറെയാണ്!

**ധ്യാനകേന്ദ്രങ്ങളും മന്ത്രവാദവും**

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാംതന്നെ ഹൈന്ദവമതാചാരങ്ങളുമായി ബന്ധപ്പെട്ടാണ് പ്രചരിപ്പിക്കുന്നത്. എന്നാൽ അതിന്റെ അർത്ഥം ഹിന്ദുക്കളുടെ ഇടയിൽ മാത്രമാണ് ഈ പ്രതിഭാസം എന്നല്ല. നാനാജാതി മതസ്ഥരിലേക്കും ജ്യോതിഷവും വാസ്തുവുമെല്ലാം കടന്നുചെല്ലുന്നുണ്ട്. ചില ക്രിസ്ത്യൻ ദേവാലയങ്ങളിൽ പെട്ടെന്നുണ്ടാകുന്ന സാക്ഷ്യപ്പെടുത്തലും തുടർന്നുണ്ടാകുന്ന തീർത്ഥാടക പ്രവാഹവും ഇടക്കിടെ കേൾക്കുന്ന വാർത്തകളാണ്. ക്രിസ്തീയ മതത്തിലെ ചില ഉപവിഭാഗങ്ങൾ ശാസ്ത്രീയ ചികിത്സ സ്വീകരിക്കാതെ പ്രാർത്ഥനയിലൂടെ മാത്രം രോഗം മാറ്റാമെന്ന് വിശ്വസിക്കുകയും നിർബന്ധപൂർവ്വം കുടുംബാംഗങ്ങളിൽ അടിച്ചേൽപ്പിക്കുകയും മര

ണംവരെ സംഭവിക്കുകയും ചെയ്ത എത്രയോ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. രോഗശാന്തിക്കായുള്ള ധ്യാനകേന്ദ്രങ്ങളുടെ അണിയറ രഹസ്യങ്ങൾ അടുത്തകാലത്ത് വെളിച്ചത്തു വരികയുണ്ടായി. ഇത്തരം കേന്ദ്രങ്ങളിൽ മനഃശാന്തിക്കായി മയക്കുമരുന്നു നൽകി മനോരോഗികളാപ്പെട്ടവരുടെ കഥകൾ ഇപ്പോൾ മാത്രമാണ് പുറത്തറിയുന്നത്. രോഗം മാറ്റാനുള്ള വെള്ളം മന്ത്രിച്ചു നൽകലും പിശാചിനെ ഒഴിപ്പിക്കലുമെല്ലാം ഇസ്‌ലാം മതവിശ്വാസികളുടെ ഇടയിൽ പ്രചാരമുള്ള കാര്യങ്ങളാണ്. മതവിശ്വാസത്തിന്റെ ഭാഗമായിത്തന്നെ ബഹുഭാര്യാത്വം അടക്കമുള്ള പല അനാചാരങ്ങളും ഈ ആധുനിക യുഗത്തിലും നിലനിൽക്കുന്നു എന്നത് ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. മുൻപ് നവോത്ഥാനശ്രമങ്ങളുടെ കാര്യത്തിലാണ് ഓരോ മതസ്ഥർ തമ്മിൽ മത്സരിച്ചിരുന്നതെങ്കിൽ ഇന്ന് അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും കാര്യത്തിലാണ് മത്സരം. ചിലതൊക്കെ കടംവാങ്ങി സ്വന്തമാക്കുകയും ചെയ്യുന്നു.

**ഉത്സവങ്ങളുടെ വർഗ്ഗീയവത്കരണം**

ഉത്സവങ്ങളും പെരുന്നാളുകളും കേരളീയ സംസ്കാര ജീവിതത്തിന്റെ അഭേദ്യഭാഗമായിരുന്നു മുമ്പും. ഇത്തരം ആഘോഷങ്ങളെല്ലാം സർവ്വമതസ്ഥരും സഹകരിച്ചുനടത്തുന്ന പാരമ്പര്യവും കേരളത്തിൽ ഉണ്ടായിരുന്നു. അവയോട് ബന്ധപ്പെട്ട് നടക്കുന്ന സാംസ്കാരിക പരിപാടികളാകട്ടെ കുറെയൊക്കെ മതേതര മൂല്യങ്ങളോടുകൂടിയവയായിരുന്നു. എന്നാൽ ഇന്ന് മതപരമായ ചേരിതിരിവ് രൂക്ഷമാക്കാനാണ് പല ആഘോഷങ്ങളും ഉപയോഗിക്കപ്പെടുന്നത്. പഴയ ദേവാലയങ്ങളുടെ ജീർണ്ണോദ്ധാരണങ്ങളും പുതിയ ദേവാലയങ്ങളുടെ നിർമ്മാണവും ഇന്ന് മത്സരാടിസ്ഥാനത്തിൽ നടക്കുകയാണ്. ഒരുപക്ഷേ ഇന്ന് ഏറ്റവും കൂടുതൽ പണപ്പിരിവ് നടക്കുന്ന മേഖലയും ക്ഷേത്രനവീകരണവും ദേവാലയനിർമ്മാണവുമായി ബന്ധപ്പെട്ടിട്ടാവണം. വിവിധ ദൈവങ്ങളിൽ വിശ്വസിക്കുന്ന മതങ്ങൾ തമ്മിൽ മാത്രമല്ല ഒരേ പേരിലുള്ള ദൈവത്തിൽ വിശ്വസിക്കുന്ന മതത്തിനുള്ളിലെ സംഘർഷമായി അവ വളരുകയാണ്.

**ആൾദൈവങ്ങൾ പെരുകുന്നു**

വിശ്വാസവുമായി ബന്ധപ്പെട്ട മറ്റൊരു പ്രതിഭാസം അവതാരപുരുഷന്മാരുടേതാണ്. ജ്യോതിഷവും സന്ന്യാസവുമൊക്കെയായി തുടങ്ങി ആത്മീയ ഗുരുവും ദൈവവുമൊക്കെയായി പരിണമിക്കുന്ന ആൾക്കാരുടെ എണ്ണം വളരെയേറെയാണ്. ഏതു താലൂക്കെടുത്തുനോക്കിയാലും ഏതെങ്കിലും ഒരു ചെറുദൈവത്തെ ഈ രീതിയിൽ കണ്ടെത്താനാകും. സമൂഹത്തിലെ വൻതോക്കുകളെ ആകർഷിക്കാൻ കഴിയുന്ന ഇവർക്ക് കോടികളുടെ ആസ്തിയാണ് 'ആശ്രമത്തിന്റെ' പേരിൽ ഉണ്ടാക്കാൻ കഴിയുന്നത്. ആദ്യം അത്ഭുതസിദ്ധി, പിന്നീട് മനശ്ശാന്തിക്ക് ഉപയുക്തമായ സാരോപദേശങ്ങൾ, തുടർന്ന് വിദ്യാ

ഭ്യാസം, ആരോഗ്യം തുടങ്ങി കച്ചവടസാധ്യതയുള്ള എല്ലാ മേഖലയിലും വൻതോതിൽ നിക്ഷേപങ്ങൾ നടത്തിക്കൊണ്ടുള്ള കൂറ്റൻ സ്ഥാപനങ്ങളുടെ നടത്തിപ്പ്. കേരളത്തിലെ ഒട്ടുമിക്ക ആൾദൈവങ്ങളുടേയും പരിണാമം ഇങ്ങനെതന്നെ. മാധ്യമങ്ങളുടെ വെള്ളിവെളിച്ചത്തിൽ കഴിയുന്ന ഈ ആത്മീയ നേതാക്കളുടെ ഏറ്റവും മഹത്തായ മൂല്യംതന്നെ അവർക്ക് എത്രകോടി രൂപയുടെ സ്ഥാപനങ്ങളുണ്ട്. എത്രകോടി രൂപ സംഭാവന നൽകാൻ എന്നൊക്കെയായി മാറിയിരിക്കുന്നു. അതായത് ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ തുടങ്ങി കേരളത്തിലെ നവോത്ഥാനകാലഘട്ടത്തിലെ ആത്മീയനേതാക്കൾ അവരുടെ ദർശനങ്ങളിലൂടെയും വചനങ്ങളിലൂടെയും ആണ് സമൂഹത്തിൽ സ്ഥാനം നേടിയതെങ്കിൽ ഇന്നത്തെ 'ആത്മീയക്കാർ' അവരാർജ്ജിച്ച ആസ്തിയുടെ പേരിലാണ് മഹത്വം ചമയുന്നത്. സന്തോഷ് മാധവന്റെ തട്ടിപ്പ് വെളിവായതിനെ തുടർന്ന് കപടസ്വാമികൾക്കെതിരെയുള്ള വൈകാരികപ്രകടനങ്ങൾ ഉയർന്നുവന്നുവെങ്കിലും അവ വേഗം കെട്ടടങ്ങി എന്നതും ശ്രദ്ധേയമാണ്.

വ്യക്തിയും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം ഒറ്റമൂലിയായി രോഗക്രിയകളും കൂട്ടപ്രാർത്ഥനയും ഇന്ന് പ്രചരിപ്പിക്കപ്പെടുന്നു. ആയിരക്കണക്കിന് രൂപ ഫീസായി വാങ്ങിയാണ് ഇത്തരം ക്ലാസ്സുകളിൽ ആളെ ചേർക്കുന്നത്. ഇത്തരം സംഘടിതപരിപാടികളിലേക്ക് ലക്ഷങ്ങളാണ് ഓടിയെത്തുന്നത്. 'ധ്യാനകേന്ദ്രങ്ങളും' 'ആശ്രമങ്ങളും' വരുന്നത് മെഡിക്കൽ കോളേജുകളും വിമാനത്താവളങ്ങളും വികസന ചിഹ്നങ്ങളായി കണ്ടെത്തുന്നതുപോലെ പ്രാദേശിക വികസനത്തിന് നല്ലതാണെന്ന ചിന്തപോലും ജനങ്ങളിലേക്ക് വരാൻ തുടങ്ങിയിരിക്കുന്നു.

**ശാസ്ത്രത്തേയും കൂട്ടുപിടിക്കുന്നു**

ഭാവി അറിയാനും മനസ്സമാധാനത്തിനും മാത്രമല്ല ഇത്തരം യുക്തിരഹിതമായ കാര്യങ്ങൾ സ്വീകരിക്കപ്പെടുന്നത് എന്ന് ചികിത്സാരംഗത്ത് എന്തെല്ലാം തരത്തിലുള്ള പുതിയ പരിപാടികളാണ് വരുന്നത്. കാന്തചികിത്സ, പ്രാണിക് ഹീലിംഗ്, റെയ്കി.... ഇതൊടൊപ്പം സവിശേഷമായ കഴിവുകളും ആരോഗ്യവും പ്രദാനം ചെയ്യാൻ പ്രത്യേക റേഡിയേഷനുകൾ പുറപ്പെടുവിക്കുന്ന വസ്തുക്കളും ചിലർ മാർക്കറ്റു ചെയ്യുന്നു. എല്ലാ ചികിത്സാരീതികളും സർവ്വരോഗ സംഹാരികളാണ് എന്ന ഒരു പ്രത്യേകത കൂടിയുണ്ട്. ആംവെ പോലുള്ള നെറ്റ്വർക്ക് മാർക്കറ്റിംഗ് ശൃംഖലകളും ഇത്തരത്തിലുള്ള സർവ്വരോഗസംഹാരികൾ വിറ്റഴിക്കുന്നുണ്ട്. സമ്പത്തുത്പാദന മേഖലകളിൽ എവിടേയെങ്കിലും തൊഴിൽ ചെയ്തുകൊണ്ട് വരുമാനമുണ്ടാക്കാനാണ് നാം ശീലിച്ചത്. എന്നാൽ ഒന്നും ചെയ്യാതെ പണം സമ്പാദിക്കാനാവുമെന്നും അതാണ് സമൃദ്ധിയിലേക്കുള്ള ഏറ്റവും എളുപ്പവഴിയെന്നും ഇന്ന് പ്രചരിപ്പിക്കപ്പെടുന്നു. മണിചെയിൻ, നെറ്റ്വർക്ക് മാർക്കറ്റിംഗ് തുടങ്ങി

ഒരാൾ മൂന്നുപേരെ ചേർത്ത് അവർ മുമ്മൂന്നുപേരെ ചേർത്ത് മുന്നേറുമ്പോൾ പണം കൈകളിൽ ഒഴുകിയെത്തുന്നത് കണ്ട് എത്രപേരാണ് ഇത്തരം സ്കീമുകളിൽ അംഗങ്ങളാകുന്നത്. അല്ലെങ്കിൽതന്നെ കേരളത്തിൽ ഏറ്റവും പ്രചാരമുള്ള ഒരു കാര്യം ലോട്ടറിയല്ലേ. ഓൺലൈൻ ലോട്ടറി വന്നപ്പോൾ അടുത്തകോടിപതി താനെന്ന ചിന്തയിൽ എത്ര വലിയ ക്യൂവാണ് ലോട്ടറി കേന്ദ്രങ്ങളിൽ കണ്ടിരുന്നത്. ഇതൊടൊപ്പം നാം ഇത് കൂടി വായിക്കണം. ഏറ്റവും കൂടുതൽ സ്വർണ്ണം വാങ്ങുന്നത് കേരളത്തിലാണ്. ഏറ്റവും കൂടുതൽ മദ്യം വിറ്റഴിയുന്നത് കേരളത്തിലാണ്. ഏറ്റവും ഉയർന്ന ആത്മഹത്യാനിരക്ക് കേരളത്തിലാണ്. നവോത്ഥാന കാലഘട്ടത്തിൽ പുരോഗമനാശയ പ്രചരണത്തിന് കേരളത്തിൽ നേതൃത്വം നൽകിയത് ഇവിടുത്തെ വിദ്യാഭ്യാസം സിദ്ധിച്ച ഇടത്തരക്കാരായിരുന്നു. ശാസ്ത്രീയ ധാരണകൾ പ്രചരിപ്പിച്ചു കൊണ്ടാണ് പല അന്ധവിശ്വാസങ്ങളേയും അവർ നേരിട്ടത്. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ ഇങ്ങനെ വിദ്യാഭ്യാസപരമായി ഉയർന്ന തലത്തിലുള്ളവരാണ് അവരിൽ നല്ലൊരു ശതമാനവും. ഇവയുടെ ചെയ്തികൾ അനുകരിക്കുകയാണ് വാസ്തവത്തിൽ സമൂഹത്തിലെ താഴെ തട്ടിലുള്ളവർ ചെയ്യുന്നത്. ശാസ്ത്രത്തിന്റെ കാര്യത്തിലും സവിശേഷതയുണ്ട്. മുമ്പ് സൂചിപ്പിച്ച എല്ലാ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ശാസ്ത്രത്തിന്റെ മേമ്പൊടി രൂപത്തിലും ഭാവത്തിലും നൽകാനും ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നു. കമ്പ്യൂട്ടറും വെബ്സൈറ്റുകളും ഇന്ന് ജ്യോതിഷികൾക്കും മന്ത്രവാദികൾക്കും ഒഴിച്ചുകൂടാനാവാത്തതാണ്. എല്ലാ ആധുനിക ശാസത്രസാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തുന്നതുകൊണ്ട് ഫലപ്രവചനങ്ങളുടെ രീതി പഴഞ്ചനാണെങ്കിലും ശാസ്ത്രീയത തോന്നിക്കുമല്ലോ.

രൂപത്തിൽ മാത്രമല്ല അതിന്റെ ആശയാടിത്തറയും ശാസ്ത്രീയമാണെന്ന് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ശക്തമാണ്. സൂര്യനും ചന്ദ്രനും ഉൾപ്പെടെയുള്ള ആകാശഗോളങ്ങൾക്ക് ഭൂമിയിൽ സ്വാധീനം ഉണ്ടെന്ന് ശാസ്ത്രം അംഗീകരിക്കുന്നില്ലേ? ബുധനും ശുക്രനും വ്യാഴവുമെല്ലാം ജ്യോതിശ്ശാസ്ത്രത്തിൽ പഠിക്കപ്പെടുന്ന ഗ്രഹങ്ങളല്ലേ? അതിനാൽ നമ്മുടെ ഭാവിയെ അവ സ്വാധീനിക്കില്ലേ? ആ സ്വാധീനം മുൻകൂട്ടി അറിയാനുള്ള മാർഗ്ഗമാണ് ജ്യോതിഷമെന്നാണ് ശാസ്ത്രീയത ദർശിക്കുന്നവരുടെ വാദം. ഇതുപോലെ വാസ്തുവിനും മന്ത്രവാദത്തിനും യാഗത്തിനും ഹോമത്തിനുമെല്ലാം ശാസ്ത്രീയത ചമയ്ക്കപ്പെടുന്നുണ്ട്. ഈ ശാസ്ത്രീയത തെളിയിക്കാൻ ചില ശാസ്ത്രജ്ഞരെത്തന്നെ കൂട്ടുപിടിക്കുന്നു. ഏതെങ്കിലും ഗവേഷണസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഡോക്ടറേറ്റ് ബിരുദമുള്ള ആളുകളെയാണ് ഇത്തരം പ്രചാരവേലക്ക് നിയോഗിക്കുന്നത്. ശാസ്ത്രത്തേയും ശാസ്ത്രജ്ഞരേയും ഏറെ ബഹുമാനിക്കുന്ന കേരളസമൂഹത്തിൽ ശാസ്ത്രീയത ബോധ്യപ്പെടുത്താനുള്ള എളുപ്പമാർഗ്ഗമായാണ് ഇതിനെ കാണുന്നത്.

# ശാസ്ത്രവും വിശ്വാസവും

മുമ്പ് വിവരിച്ച വിശ്വാസങ്ങൾ അൽപം യുക്തിയും ശാസ്ത്രചിന്തയും പ്രയോഗിച്ച് വിശകലനം ചെയ്താൽ മതി, അവയെത്രമാത്രം അസംബന്ധമാണെന്ന് ബോധ്യപ്പെടാൻ. ഫലസിദ്ധിയെക്കുറിച്ചുള്ള കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലല്ല അവ പരിശോധിക്കപ്പെടേണ്ടത്. ഇത്തരം കേട്ടുകേൾവികൾ പലതും ചിലരുടെ ഭാവനാസൃഷ്ടിയോ തെറ്റിദ്ധാരണമൂലം സൃഷ്ടിക്കപ്പെട്ടതോ ആവാം. ഓരോ വിശ്വാസവും എന്തിനെയാണ് അടിസ്ഥാനമാക്കുന്നത്, അത് പ്രയോഗിക്കുന്ന രീതി എന്താണ് എന്നിവയുടെ അടിസ്ഥാനത്തിലാകണം പരിശോധന. ഇങ്ങനെ പരിശോധിക്കുമ്പോൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള പല കാര്യങ്ങളെയും അടിസ്ഥാനമാക്കിയാണ് ഇവ നിലനിൽക്കുന്നതെന്ന് കണ്ടെത്താനാകും. വളരെ പ്രചാരമുള്ള വിശ്വാസങ്ങളുടെ കാര്യം തന്നെ നമുക്കെടുത്ത് പരിശോധിക്കാം.

**ജ്യോതിഷം ശാസ്ത്രമോ?**

ഒട്ടുമിക്ക വിശ്വാസങ്ങളുടെ അടിത്തറയും താരതമ്യേന കൂടുതൽ പേർ വിശ്വസിക്കുകയും ചെയ്യുന്ന ഒരേർപ്പാടാണല്ലോ ജ്യോതിഷം. ജനനസമയത്തെ ഗ്രഹനില രേഖപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ഭാവി പ്രവചിക്കുകയാണ് ജ്യോതിഷികൾ ചെയ്യുന്നത്. 'നവഗ്രഹങ്ങളും' 'ലഗ്നവും' ഏതേത് രാശികളിൽ നിൽക്കുന്നു എന്ന് രേഖപ്പെടുത്തിയതാണ് ഗ്രഹനില. ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്ന രാശികളുടെ പ്രത്യേകതയും ഗ്രഹങ്ങളുടെ സ്വഭാവവും ലഗ്നം മുതൽ എണ്ണിയാൽ ലഭ്യമാകുന്ന ഭാവങ്ങളുടെ സവിശേഷതയുമെല്ലാം പരിഗണിച്ചാണ് ഭാവിപ്രവചനം നടത്തുക. രാശിയും നവഗ്രഹവും ഭാവവുമെല്ലാം എന്തെന്ന് മനസ്സിലാക്കുമ്പോഴാണ് പ്രവചനത്തിന്റെ പൊള്ളത്തരം നമുക്ക് മനസ്സിലാവുക.

ആകാശത്തെ പടിഞ്ഞാറ് കിഴക്ക് ദിശയിൽ 30ഡിഗ്രി വീതമുള്ള 12 ഭാഗങ്ങളായി തിരിച്ച് അതിലോരോന്നിനെയുമാണ് രാശികൾ എന്ന് വിളിക്കുന്നത്. ഓരോ രാശിയിലുമുള്ള ചില നക്ഷത്രഗണങ്ങളുടെ പേരിൽ ആ രാശി അറിയപ്പെടുന്നു. ഉദാഹരണത്തിന് Vആകൃതിയിലുള്ള ഒരു നക്ഷത്രക്കൂട്ടം കാളത്തലയായി സങ്കൽപ്പിച്ച് അതിനെ ഇടവം (ഋഷഭം)നക്ഷത്രക്കൂട്ടമായും അതുള്ള രാശിയെ ഇടവം രാശിയായും പരിഗണിക്കുന്നു. സിംഹത്തിന്റെ ആകൃതി സങ്കൽപ്പിക്കാവുന്ന ഒരു നക്ഷത്രഗണമുള്ള രാശിയാണ് ചിങ്ങം. തേളിന്റെ ആകൃതി സങ്കൽപ്പിക്കാവുന്ന നക്ഷത്രക്കൂട്ടമുള്ള രാശിയാണ് വൃശ്ചികം. പല പ്രകാശവർഷങ്ങളകലെ വളരെവളരെ ദൂരം സ്ഥിതിചെയ്യുന്ന ഈ നക്ഷത്രങ്ങളെ കൂട്ടിയോജിപ്പിച്ച് ഈ വിധം രൂപങ്ങൾ വിഭാവനം ചെയ്തത് നമ്മൾ മനുഷ്യരാണ്. പണ്ടുകാലത്ത് നക്ഷത്രനിരീക്ഷണം പതിവാക്കിയ പ്രാചീനമനുഷ്യർ അവർക്ക് പരിചയമുള്ള വസ്തുക്കളുടേയും ജീവികളുടേയും പുരാണ കഥാപാത്രങ്ങളുടേയും എല്ലാം പേരിൽ നക്ഷത്രക്കൂട്ടങ്ങൾക്ക് പേരിട്ടിരിക്കുന്നു.

പല നക്ഷത്രക്കൂട്ടങ്ങളേയും വിവിധ രാജ്യക്കാർ വ്യത്യസ്ത രീതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ആ നിലക്ക് രാശികളിലെ നക്ഷത്രഗണങ്ങളുടെ രൂപം നമ്മുടെ ജീവിതത്തെ ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കുമെന്നു പറയുന്നതിന്റെ യുക്തി എന്താണ്? ചിങ്ങം രാശിയിൽ (ആ രാശിയിൽ സൂര്യൻ നിൽക്കുമ്പോൾ) ജനിച്ചാൽ സിംഹത്തിന്റെ സ്വഭാവവിശേഷങ്ങൾ ലഭിക്കുമെന്നും വൃശ്ചികം രാശിയിൽ ജനിച്ചാൽ വിഷസ്പർശം ഉണ്ടാകുമെന്നെല്ലാം വിശ്വസിക്കുന്നത് എന്തസംബന്ധമാണ്. ജ്യോതിഷത്തിലെ നവഗ്രഹങ്ങൾ എന്നാൽ നാം ജ്യോതിശാസ്ത്രത്തിൽ പഠിക്കുന്ന പ്ലൂട്ടോ ഉൾപ്പെടെയുള്ള നവഗ്രഹങ്ങളല്ല. നമുക്ക് ആകാശത്ത് വെറുംകണ്ണുകൊണ്ട് കാണാൻ കഴിയുന്ന ബുധൻ, ശുക്രൻ, വ്യാഴം, ശനി എന്നീ ഗ്രഹങ്ങളും സൂര്യചന്ദ്രന്മാരും രാഹുകേതുക്കളും ഉൾപ്പെട്ടതാണ് ജ്യോതിഷത്തിലെ നവഗ്രഹങ്ങൾ. നക്ഷത്രമണ്ഡലത്തിലൂടെ നീങ്ങിപ്പോകുന്നവയെയാണ് പണ്ടുകാലത്ത് ഗ്രഹങ്ങളെന്നു വിളിച്ചത് എന്നതിനാൽ സൂര്യചന്ദ്രന്മാരെ നവഗ്രഹങ്ങളിൽ ഉൾപ്പെടുത്തിയതിൽ പരിതപിക്കേണ്ടതില്ല. എന്നാൽ രാഹുകേതുക്കളോ? ഗ്രഹണം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്നറിയാതിരുന്ന ഘട്ടത്തിൽ ഗ്രഹണങ്ങൾക്ക് സംഭവിക്കാറുള്ള ബിന്ദുക്കളിൽ ഇരുണ്ടഗ്രഹങ്ങളെ സങ്കൽപ്പിച്ചതാണവ. യഥാർത്ഥത്തിൽ അവിടെ ഗ്രഹങ്ങളേ ഇല്ല എന്നറിയാം. എന്നാൽ നമ്മുടെ ജീവിതത്തിൽ ഒട്ടേറെ ദുരിതങ്ങൾ വാരിവിതക്കാൻ കഴിവുള്ള ദുഷ്ടഗ്രഹങ്ങളായാണ് ജ്യോതിഷികൾ ഇന്നും അവയെ പരിഗണിക്കുന്നത്. സൂര്യന്റേയും ചന്ദ്രന്റേയും ഇതരഗ്രഹങ്ങളുടേയും ഘടനയും പ്രത്യേകതകളും ഇന്ന് ശാസ്ത്രം വെളിവാക്കായിട്ടുണ്ട്. അവയെല്ലാം നിർജ്ജീവ ഗോളങ്ങളാണ്. ഇവയിൽ സൂര്യനും ചന്ദ്രനും ഒഴിച്ച് ബാക്കി ഗ്രഹ

ങ്ങൾക്കൊന്നിനും ഭൂമിയിൽ ഗുരുത്വാകർഷണം ഉൾപ്പെടെ കാര്യമായ സ്വാധീനം ഇല്ല. എന്നാൽ ജ്യോതിഷത്തിൽ ഈ ഗോളങ്ങളെയെല്ലാം മനുഷ്യജീവിതത്തിലെ ജനനം മുതൽ മരണം വരെയുള്ള സർവ്വകാര്യങ്ങളേയും സ്വാധീനിക്കാൻ കഴിയുന്ന ദേവന്മാരായാണ് വിവരിച്ചിരിക്കുന്നത്. അവയിൽ നല്ലതും ചീത്തയുമുണ്ട്. ഇവ ജീവിതത്തിലെ ഓരോ കാര്യത്തിനേയും ഓരോ വിധത്തിൽ സ്വാധീനിക്കുന്നതായാണ് സങ്കൽപ്പിച്ചിരിക്കുന്നത്. എന്തൊക്കെയാണ് ഗ്രഹങ്ങളിൽ ജ്യോതിഷം ആരോപിച്ചിട്ടുള്ള സ്വാധീനശേഷിയെന്ന് അവലോകനം ചെയ്താൽ എന്തുകൊണ്ട് ഈ വിധം സങ്കൽപിക്കപ്പെട്ടുവെന്ന് എളുപ്പത്തിൽ മനസ്സിലാവും. മനുഷ്യൻ നഗ്നനേത്രങ്ങൾകൊണ്ടു മാത്രം വാനനിരീക്ഷണം നടത്തിയിരുന്ന കാലഘട്ടത്തിൽ ഭൂമിയിൽനിന്ന് നോക്കിയാൽ കാണുന്ന കാഴ്ചക്കനുസരിച്ച് ഭാവനയിൽ നെയ്തെടുത്ത സങ്കൽപ്പങ്ങളാണവ. ചുവന്ന നിറമുള്ള ചൊവ്വ യുദ്ധത്തിന്റേയും മരണത്തിന്റേയും ദേവനായത് അതുകൊണ്ടാണ് (ചൊവ്വ ചുവന്നിരിക്കുന്നത് അതിന്റെ ഉപരിതലത്തിൽ  ഇരുമ്പിന്റെ ഓക്സൈഡുകൾ ഉള്ളതു കൊണ്ടാണെന്ന് അന്നറിയില്ലല്ലോ). വ്യാഴവും ശുക്രനും ശോഭയോടെ കാണപ്പെടുന്നതിനാൽ അവ ശുഭഗ്രഹങ്ങളും ജീവിതസൗഭാഗ്യങ്ങൾ പ്രദാനം ചെയ്യുന്നവയുമായി. ബുധൻ വളരെ വേഗത്തിൽ സഞ്ചരിക്കുന്നതുകൊണ്ട് വിദ്യയുടെ ദേവനായി. ശനി മെല്ലെ നീങ്ങുന്നതായി തോന്നുന്നതുകൊണ്ട് കാര്യങ്ങൾ മന്ദീഭവിപ്പിക്കുന്ന ആളുമായി. ഇവയെല്ലാം ശാസ്ത്രീയമായി അസംബന്ധങ്ങളാണെന്ന് വ്യക്തമാണ്. ഭാവങ്ങളെ അടിസ്ഥാനമാക്കിയുള്ള സങ്കൽപ്പങ്ങൾക്ക് ഈ വിധത്തിലുള്ള ന്യായീകരണംപോലും കണ്ടെത്താനാവില്ല. ഒന്നാംഭാവം വ്യക്തിത്വവും ഏഴാംഭാവം വിവാഹവും എട്ടാംഭാവം മരണവും എന്നെല്ലാം ജീവിതത്തിലെ സകലകാര്യങ്ങളേയും ഓരോ ഭാവത്തിലായി വീതിച്ചുവച്ചതിൽ യാതൊരു യുക്തിയും കാണാനാവില്ല. അതുകൊണ്ട്തന്നെ വിവിധ ഭാവങ്ങളിലും രാശികളിലും നിൽക്കുന്ന ഗ്രഹങ്ങളെ നോക്കി ഭാവിജീവിതം പ്രവചിക്കുന്ന ജ്യോതിഷം അസംബന്ധമാണെന്ന് വ്യക്തമാണ്. ജ്യോതിഷത്തിന്റെ ശാസ്ത്രീയത അനുഭവത്തിന്റെ അടിസ്ഥാനത്തിലും നമുക്ക് പരിശോധിക്കാവുന്നതാണ്. സ്വന്തം ജാതകവും വാരഫലവും വായിക്കുന്ന ഒരാൾക്ക് ഒരുപക്ഷേ ഇവയിൽ പല കാര്യങ്ങളും ശരിയായി വരുന്നില്ലേ എന്ന് തോന്നിയേക്കാം. പക്ഷേ ശാസ്ത്രീയമായ പരിശോധനക്ക് അതുമാത്രം പോരല്ലോ. വിവിധ ജാതകഫലങ്ങൾ തന്നിട്ട് അവ ആരുടേതെന്ന് മുൻകൂട്ടിപ്പറയാതെ സ്വന്തം ജാതകം കണ്ടെത്താനായി ഒരു ശ്രമം നടത്തിനോക്കൂ. ജാതകഫലങ്ങളുടെ പൊള്ളത്തരം അപ്പോൾ മനസ്സിലാകും. എന്തെന്നാൽ ജാതകഫലങ്ങളെല്ലാം ഉള്ളടക്കത്തിൽ വലിയ വ്യത്യാസമില്ലാത്തവയാണ്. മനുഷ്യജീവിതത്തിൽ ആർക്കും സംഭവിക്കാവുന്ന കാര്യങ്ങൾ പല ചേരുവകളിൽ കൂട്ടിക്കലർത്തി തയ്യാറാക്കിയാൽ ഒന്നുമാത്രം വായിക്കുന്ന ഒരാൾക്ക് സ്വാഭാവി

കമായും ഉണ്ടാകുന്നതാണ് ആ ധാരണ. ഓരോ വ്യക്തിയുടേയും തൊഴിൽ, വിദ്യാഭ്യാസം, മരണം എന്നിവയെല്ലാം ഗ്രഹനിലയനുസരിച്ച് നിർണ്ണയിക്കപ്പെടുന്നു എന്നാണല്ലോ പറയുന്നത്. എങ്കിൽ ഈ കാര്യങ്ങളിൽ സമാനതയുള്ളവരുടെ ഗ്രഹനിലയും സമാനമായിരിക്കില്ലേ. അപ്പോൾ ഒരേ തൊഴിൽ ചെയ്യുന്നവരുടെ ഗ്രഹനിലയിൽ സാമ്യമുണ്ടാകുമോ. സുനാമിയിലും ഭൂകമ്പത്തിലും ആളുകൾ കൂട്ടത്തോടെ മരിച്ചത് ആ പ്രദേശങ്ങളിലുള്ള മുഴുവൻ ആളുകളുടേയും ജാതകത്തിലെ എട്ടാംഭാവത്തിൽ പാപനായതുകൊണ്ടാണോ? ജ്യോതിഷത്തിലെ അസംബന്ധങ്ങൾ വ്യക്തമാകുവാൻ ഈ വിധം കാര്യങ്ങൾ ആലോചിച്ചാൽ മതിയാകും.

## വാസ്തുശാസ്ത്രവും വാസ്തുവിദ്യയും

ഇനി വാസ്തുശാസ്ത്രത്തിന്റെ കാര്യമെടുക്കാം. നമ്മുടെ കാലവസ്ഥക്കും പരിതസ്ഥിതിക്കും അനുയോജ്യമായ കെട്ടിടനിർമ്മാണരീതികൾ വേണമെന്ന കാര്യം തർക്കമറ്റതാണ്. മുമ്പ് നാട്ടിൽ നിലനിന്നിരുന്ന വാസ്തുശില്പരീതികൾ ഇക്കാര്യങ്ങൾ കുറേ പരിഗണിച്ചിരിരുന്നു. (ഓരോ പ്രദേശത്തും പ്രാചീനകാലം മുതൽ വികസിച്ചുവന്ന നിർമ്മാണരീതികൾക്ക് ആ പ്രദേശത്തിന്റെ സവിശേഷത ഉണ്ടാകും. എന്നാൽ കോൺക്രീറ്റുവീടുകൾ വ്യാപകമായതോടെ പടിഞ്ഞാറു രീതിയിലുള്ള വീടുകൾ ഇവിടെ പറിച്ചുനടുകയാണ് ഉണ്ടായത്. ഇത് നമ്മുടെ കാലാവസ്ഥക്കും പരിസ്ഥിതിക്കും അഭിരുചിക്കും യോജിക്കുന്നതല്ലെന്ന് വ്യക്തമാണ്. അതിനാൽ കേരളീയ വാസ്തുവിദ്യയെ വീണ്ടെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. എന്നാൽ ഇന്ന് വാസ്തുവിദ്യയുടെ പേരിൽ പ്രചരിക്കുന്നത് ജ്യോതിഷ സങ്കൽപ്പത്തിന്റെ വകഭേദമായ വാസ്തുശാസ്ത്രമാണ്. കേരളീയ പരിസ്ഥിതിയേക്കാൾ അത് കാലഹരണം വന്ന ഭാരതീയ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. വാസ്തുശാസ്ത്രത്തിലെ യുക്തിയുടെ അടിസ്ഥാനമായിരിക്കുന്ന വിശ്വാസം ഇതാണ്. ഭീമാകാരമായ ഒരു സത്വം അതിന്റെ ഉടലുകൊണ്ട് ആകാശത്തിനും ഭൂമിക്കുമിടയിൽ തടസ്സം സൃഷ്ടിച്ചു. ദേവന്മാർ ആ സത്വത്തെ നിലത്തോടുചേർത്ത് കമിഴ്ത്തിപ്പിടിച്ചു. ഓരോ അവയവത്തേയും പിടിച്ചിരുന്ന ദേവന്മാർ അതാത് അവയവത്തിന്റെ അധിദേവന്മാരായി. പുരയിടത്തിന്റെ അധിദേവതയായിരിക്കാൻ സത്വത്തെതന്നെ ബ്രഹ്മാവ് നിയോഗിച്ചു. അതാണ് വാസ്തുപുരുഷൻ. ഈ സങ്കൽപ്പകഥയുടെ തുടർച്ചയായി ക്രമരഹിതമായ പുരയിടത്തിന്റെ ആകൃതിമൂലം വാസ്തുപുരുഷന് വലതുകൈയ്യില്ലെങ്കിൽ ഉടമസ്ഥന് സമ്പത്തിന്റെ നഷ്ടവും സ്ത്രീകൾ മുഖേനയുള്ള കഷ്ടതയും ഉണ്ടാകാം. ഇടതുകൈയ്യില്ലെങ്കിൽ ധനനഷ്ടവും ഭക്ഷണക്ഷാമവും ഉണ്ടാകും. പാദങ്ങൾ ഇല്ലെങ്കിൽ ആൺകുട്ടികൾ മരിക്കും. വീട്ടുടമസ്ഥന്റെ ശക്തിക്ഷയിക്കും തുടങ്ങിയ കാര്യങ്ങൾ വാസ്തുശാസ്ത്രം മുന്നോട്ടുവയ്ക്കുന്നു.

ഇവ എത്രമാത്രം അസംബന്ധമാണെന്ന് ആലോചിച്ചു നോക്കൂ. വാസ്തു

പ്രകാരം ഭൂമിയുടെ തെക്കുപടിഞ്ഞാറ് ഭാഗം ഉയർന്നും വടക്കു കിഴക്ക് ഭാഗം താഴ്ന്ന ജലാശയത്തോടുകൂടിയതും ഉള്ളതായാൽ ഏറ്റവും ശ്രേഷ്ഠമായ പുരയിടമായി. ഈവിധം പുരയിടമുള്ള ചിലരുടെ ജീവിതസൗഭാഗ്യങ്ങൾ ചൂണ്ടിക്കാട്ടി തെളിവുകൾ സമർപ്പിക്കാനും വാസ്തുവിദഗ്ധർ തയ്യാറാകും. തിരിച്ചും ഉദാഹരണം നിരത്തും. എന്നാൽ ഇക്കാര്യത്തിൽ അവലംബിക്കേണ്ടുന്ന ശാസ്ത്രീയ സമീപനം എന്താണ്? വടക്കുകിഴക്ക് താഴ്ന്ന ജലാശയത്തോടുകൂടിയ പുരയിടങ്ങളുള്ളവർക്കെല്ലാം സൗഭാഗ്യവും മറിച്ചുള്ളവർക്കെല്ലാം ക്ലേശങ്ങളുമാണെങ്കിൽ അതിൽ ശാസ്ത്രമുണ്ടെന്ന് അംഗീകരിക്കേണ്ടിവരും. അപ്രകാരമാണെങ്കിൽ കേരളത്തിന്റെ ഭൂപ്രകൃതി പരിഗണിക്കുമ്പോൾ ഒട്ടുമിക്ക പേർക്കും ജീവിതത്തിൽ ദുരിതമാവും. സമുദ്രതീരത്തുള്ള പട്ടണങ്ങളിൽ താമസിക്കുന്നവർക്ക് വിശേഷിച്ചും. അതേസമയം സുനാമി വിഴുങ്ങിയ തമിഴ്നാടിന്റെ പശ്ചിമതീരം സൗഭാഗ്യങ്ങളുടെ കേന്ദ്രമായും പരിഗണിക്കേണ്ടിവരും. വാസ്തുസങ്കല്പങ്ങൾ സ്വീകരിച്ചാൽ നഗരങ്ങളിലെ 5 സെന്റുകാരൻ കുഴയും. ഫ്ളാറ്റുകൾ വാങ്ങുന്നവനും വെട്ടിലാകും. എന്നാൽ കച്ചവടസാധ്യത ഈ വിഭാഗങ്ങളിലേക്കാണ് ഇനിയുള്ളതെന്നതിനാൽ വാസ്തു അവർക്കുവേണ്ടിയും രൂപഭേദം വന്ന് തയ്യാറാക്കപ്പെടുമെന്നതിൽ സംശയംവേണ്ട.

## 'പ്രവചനശാസ്ത്ര'ങ്ങളുടെ പൊരുൾ

ഗർഭാശയത്തിൽ കിടക്കുമ്പോൾ മുതൽ കൈമടക്കുകയും നിവർത്തുകയും ചെയ്യുന്നതിനാലും അതിന് സഹായകമായും രൂപംകൊള്ളുന്ന ചുളിവുകൾ മാത്രമാണ് ഹസ്തരേഖകൾ. ഇവയുടെ സവിശേഷതകൾക്കനുസൃതമാണ് ഓരോരുത്തരുടേയും ഭാവി നിർണ്ണയിക്കുക എന്നാണ് ഹസ്തരേഖാവിദഗ്ധർ പറയുന്നത്. ജന്മനക്ഷത്രക്കല്ലുകൾ (വ്യത്യസ്ത ലോഹലവണങ്ങളടങ്ങിയ സിലിക്കേറ്റുകളാണവ) ഉപദേശിക്കുന്നവരും വിൽക്കുന്നവരും പറയുക അവയാണ് നമ്മുടെ ഭാവിയെ സ്വാധീനിക്കുന്നതെന്നാണ്. മാന്ത്രിക ഏലസ്സ് കെട്ടിയാൽ ആഗ്രഹിക്കുന്നതെന്തും ലഭിക്കുമെന്നാണ് അത് തയ്യാറാക്കുന്നവർ പരസ്യം നൽകുന്നത്. ജീവിതത്തിൽ ഒരത്യാഹിതം സംഭവിച്ച് അതിന്റെ കാരണം തേടി ഇവരോരുത്തരേയും സമീപിച്ചു നോക്കൂ. ഗ്രഹനിലയിലെ പിഴവുകൊണ്ടാണെന്ന് ജ്യോതിഷി പറയുമ്പോൾ പുരയിടത്തിന്റെ കിടപ്പുമോശം കൊണ്ടാണെന്ന് വാസ്തു കൈകാര്യം ചെയ്യുന്നവർ കണ്ടെത്തും. ഹസ്തരേഖാവിദഗ്ധന് അത് കൈയ്യിലെ രേഖയുടെ തകരാറുമൂലമാണെന്നതിൽ സംശയമുണ്ടാവില്ല. മന്ത്രവാദിക്കാണെങ്കിൽ ഭൂതപ്രേതബാധമൂലമാണെല്ലാം സംഭവിക്കുക. ഇവയ്ക്കെല്ലാം പരിഹാരവും ഇവർക്കെല്ലാം നിർദ്ദേശിക്കാനുണ്ടാവും. എല്ലാം സ്വന്തം തട്ടകത്തിൽതന്നെ വരുമാനമുണ്ടാക്കാൻ ഉദ്ദേശിച്ചുള്ളതാകുമെന്നു മാത്രം.

മറ്റൊരു തരത്തിലും കാര്യങ്ങൾ ആലോചിച്ച് നോക്കാവുന്നതാണ്. ധനാ

ഗമനയന്ത്രവും മാന്ത്രിക ഏലസ്സും വിപണനം ചെയ്യുന്നവർ എന്തിനാണ് മാധ്യമങ്ങളിൽ ആകെ നൽകുന്ന പരസ്യങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുന്നത്. അവ ജപിച്ച് കൈയ്യിൽകെട്ടിയിരുന്നാൽ പോരേ. അല്ലെങ്കിലും ജ്യോതിഷിയും മന്ത്രവാദിയും തങ്ങളുടെ വീട്ടിൽ കള്ളൻ കയറുകയോ ആളെ കാണാതാവുകയോ ചെയ്താൽ മഷിനോട്ടം നടത്തുകയും കവടിനിരത്തുകയുമാണോ ചെയ്യാറ്. നേരെപോയി പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയല്ലേ? രോഗം വന്നാൽ ആശുപത്രിയിൽ പോവുകയല്ലാതെ ഗ്രഹപീഡ ഒഴിവാക്കാൻ പൂജ നടത്തി തൃപ്തിപ്പെടാറില്ലല്ലോ ഇവർ. സ്വത്തുതർക്കമോ മറ്റോ ഉണ്ടായാൽ പ്രശ്നവിധികളിലൂടെ പരിഹാരം തേടാൻ ഇവരാരും സമ്മതിക്കില്ല. കോടതി നടപടികൾ തന്നെ വേണ്ടിവരും. ചുരുക്കത്തിൽ ഭാവിയെക്കുറിച്ച് നമുക്കോരോരുത്തർക്കുമുള്ള ഉത്കണ്ഠ അമിതമാകുമ്പോൾ അത് മുതലാക്കി സ്വന്തം ഭാവി ഭദ്രമാക്കാൻ വലയും വിരിച്ചിരിക്കുന്ന ഭാഗ്യാന്വേഷികൾ മാത്രമാണ് ഇത്തരം വിശ്വസങ്ങളുടെ നടത്തിപ്പുകാർ.

ഈ 'പ്രവചനശാസ്ത്ര'ങ്ങളുടെ പൊള്ളത്തരം മറ്റൊരുതരത്തിൽ ആലോചിച്ചാലും ബോധ്യപ്പെടും. ഓരോ വ്യക്തിയുടെയും ഭാവിജീവിതം നിർണ്ണയിക്കപ്പെടുന്നത് പാരമ്പര്യഘടകങ്ങൾ, മാതാപിതാക്കളുടെ വിദ്യാഭ്യാസം, കുടുംബത്തിലെ സാഹചര്യങ്ങൾ, പ്രാദേശിക പ്രത്യേകതകൾ, കാലഘട്ടത്തിന്റെ സവിശേഷതകൾ തുടങ്ങി സൂക്ഷ്മാംശത്തിൽ പരിശോധിക്കുമ്പോൾ അനേകം കാര്യങ്ങളാലാണെന്ന് കാണാൻ കഴിയും. ഇവയൊന്നും മുൻകൂട്ടി അറിയാനും അളക്കാനും കഴിയാത്തതിനാൽ ഭാവി പ്രവചിക്കാൻ കഴിയില്ല. ഇനി ഇവ ഓരോന്നിനും 'പ്രവചനശാസ്ത്ര'ങ്ങളുടെ അടിസ്ഥാന കാര്യങ്ങളുമായി എന്തുബന്ധമെന്ന് ആലോചിച്ചു നോക്കൂ. ഉദാഹരണമായി ജീവിതത്തിൽ ഗണ്യമായി സ്വാധീനം ചെലുത്തുന്ന പാരമ്പര്യഘടകങ്ങൾക്കും അതിലൂടെ കിട്ടുന്ന കഴിവുകൾക്കും രോഗങ്ങൾക്കും മേൽ ഗ്രഹനിലക്ക് യാതൊരു സ്വാധീനവും ഇല്ലെന്ന് കാണാൻ പ്രയാസമില്ല. ഒരു കുഞ്ഞിന്റെ ജനനസമയം നമുക്ക് ശസ്ത്രക്രിയയിലൂടെ നേരത്തെയാക്കാൻ സാധിക്കും. തത്ഫലമായി ജനനസമയവും ഗ്രഹനിലയും മാറ്റാം. എന്നാൽ പാരമ്പര്യഘടകങ്ങൾക്ക് അടിസ്ഥാനമായ ജീനുകളിൽ മാറ്റം സംഭവിക്കാത്തിനാൽ അവയിലൂടെ കിട്ടുന്ന കഴിവുകൾക്കോ രോഗങ്ങൾക്കോ യാതൊരു മാറ്റവും ഉണ്ടാവില്ല. അതായത് ജനനസമയവും പാരമ്പര്യമായിട്ട് കിട്ടുന്ന കാര്യങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇത്തരത്തിൽ മറ്റു ഘടകങ്ങളെക്കൂടി പരിശോധിച്ചാൽ 'പ്രവചനശാസ്ത്ര'ങ്ങളുടെ അർത്ഥശൂന്യത ബോധ്യമാവും.

**ശാസ്ത്രവും കപടശാസ്ത്രവും**

ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ശാസ്ത്രീയപരിവേഷം നൽകി സാധൂകരിക്കാനുള്ള ശ്രമം ഇന്ന് വ്യാപകമാണ്. ശാസ്ത്രത്തെക്കുറിച്ചുള്ള

പ്രഥമിക ധാരണ ബഹുഭൂരിപക്ഷം മലയാളികൾക്കുമുണ്ട്. ശാസ്ത്രത്തിന്റെ നേട്ടങ്ങളെക്കുറിച്ചും ബോധ്യമുണ്ട്. അപ്പോൾ അന്ധവിശ്വാസങ്ങൾക്കും ആചാരവൈകൃതങ്ങൾക്കും സ്വീകാര്യത നേടിക്കൊടുക്കാൻ ഏറ്റവും നല്ലത് അവ ശാസ്ത്രീയമാണെന്ന് സ്ഥാപിക്കലാണ്. ആധുനിക സാങ്കേതിക വിദ്യകൾ വേണ്ടുവോളം പ്രയോഗിക്കുന്നതോടൊപ്പം ശാസ്ത്രീയപദങ്ങളുപയോഗിച്ചുള്ള വ്യാഖ്യാനം കൂടിയാകുമ്പോൾ പലതും മുന്തിയ ശാസ്ത്രമായി മാറും. ചില ഉദാഹരണം ഇക്കാര്യത്തിൽ നമുക്ക് പരിശോധിക്കാം. തെക്കുവടക്ക് കിടക്കുന്നത് ദോഷമാണെന്ന വിശ്വാസം ചിലരുടെ ഇടയിൽ ഉണ്ട്. ഇതിനെ ശാസ്ത്രീയവത്കരിക്കാൻ ചിലർ നിരത്തുന്ന വാദമുഖങ്ങൾ ശ്രദ്ധിക്കുക. രക്തത്തിലെ പ്രധാന ഘടകമാണ് ഹീമോഗ്ലോബിൻ. ഹീമോഗ്ലോബിനിൽ ഇരുമ്പ് അടങ്ങിയിരിക്കുന്നു. ഇരുമ്പ് കാന്തികമായതിനാൽ നമ്മുടെ രക്തവും കാന്തികമാണ്. ആയതിനാൽ മനുഷ്യനിലും കാന്തികമണ്ഡലമുണ്ട്. മുഖം ഒരു ധ്രുവവും പാദങ്ങൾ എതിർ ധ്രുവവുമാണ്. അതിനാൽ ഈ കാന്തികമണ്ഡലത്തെ സ്വാധീനിക്കുക വഴി തെക്കുവടക്ക് കിടന്നുറങ്ങിയാൽ ദോഷങ്ങൾ സംഭവിക്കും. ഇതേ ന്യായീകരണമാണല്ലോ കാന്തചികിത്സക്കുവേണ്ടിയും പ്രയോജനപ്പെടുത്താറ്. കേൾക്കുമ്പോൾ ഇതിൽ അപാകതയുള്ളതായി പലർക്കും തോന്നില്ല. എന്നാൽ ഇതിൽ കടുത്ത ഒരസംബന്ധം അടങ്ങിയിരിക്കുന്നു. ഹിമോഗ്ലോബിനിൽ ഇരുമ്പടങ്ങിയിരിക്കുന്നത് സ്വതന്ത്രാവസ്ഥയിലല്ല എന്നുള്ളതാണ്. ഇരുമ്പ് അതിന്റെ ലവണമായി മാറുമ്പോൾ കാന്തികതയടക്കമുള്ള ഭൗതികഗുണങ്ങൾ നഷ്ടമാകും. സ്വയം കത്തുന്ന ഹൈഡ്രജനും കത്താൻ സഹായിക്കുന്ന ഓക്സിജനും ചേർന്നുണ്ടാകുന്ന ജലത്തിന് ഈ ഗുണം ഇല്ലല്ലോ.

ഗ്രഹണസമയങ്ങളിൽ ഭക്ഷണമൊന്നും കഴിച്ചുകൂടാ. കാരണം അന്തരീക്ഷമടക്കം വിഷമയമായിരിക്കുമെന്ന വിശ്വാസം പണ്ടുമുതൽക്കേയുണ്ട്. ഗ്രഹണമുണ്ടാവുന്നത് സൂര്യചന്ദ്രന്മാരെ പാമ്പ് വിഴുങ്ങുന്നതാണെന്ന പ്രാചീന സങ്കൽപ്പത്തിൽനിന്നാണ് ആ ധാരണ ഉണ്ടായത്. എന്നാൽ ഇന്നതിനും ശാസ്ത്രീയ വ്യാഖ്യാനം കൊടുക്കാൻ ചിലർ മുതിരുന്നു. മാരകമായ അൾട്രാവയലറ്റ് രശ്മികൾ അന്തരീക്ഷത്തിൽ ഈ സമയത്ത് ധാരാളം ഉണ്ടാകുമെന്നും അത് അന്തരീക്ഷത്തെ വിഷമയമാക്കുമെന്നുമാണ് അവരുടെ വാദം. സൂര്യനിൽ നിന്ന് ഗ്രഹണസമയത്തുമാത്രമല്ല എല്ലായ്പ്പോഴും തന്നെ അൾട്രാവയലറ്റ് കിരണങ്ങൾ വരുന്നുണ്ട്. എന്നാൽ നമ്മുടെ അന്തരീക്ഷത്തിലെ ഓസോൺ പാളി അവയുടെ സിംഹഭാഗവും തിരിച്ചയക്കുന്നു. ഗ്രഹണം വരുമ്പോൾ സൂര്യൻ മറയുമ്പോൾ സംഭവിക്കുക സാധാരണയിൽ കുറഞ്ഞ അളവിൽ മാത്രം കിരണങ്ങൾ എത്തുക എന്നതാണ്. പിന്നെ എങ്ങിനെ അന്തരീക്ഷത്തിൽ കൂടിയ തോതിൽ അൾട്രാവയലറ്റ് കിരണങ്ങൾ വരും.

### യാഗവും ശാസ്ത്രവും

മന്ത്രവാദങ്ങൾക്കും യാഗങ്ങൾക്കും ഹോമങ്ങൾക്കും എല്ലാം ശാസ്ത്രീ

യത നൽകാൻ ഒരു ശ്രമമുണ്ട്. ഏതാനും വർഷം മുമ്പ് കണ്ണൂരിൽ നടന്ന യാഗത്തിന് മുന്നോടിയായി ഒരു ശാസ്ത്രജ്ഞൻ വന്ന് ഇത്തരത്തിലുള്ള വ്യാഖ്യാനം നൽകിയത് മാധ്യമങ്ങളിലും വരികയുണ്ടായി. പക്ഷേ അദ്ദേഹം അവതരിപ്പിച്ച ശാസ്ത്രീയ നിരീക്ഷണങ്ങൾ ശാസ്ത്രത്തിന്റെ ബാലപാഠമറിയുന്ന ആരെയും ചിരിപ്പിക്കുന്നതാണ്. യാഗസമയത്ത് അണുക്കളുടെ വിഘടനവും കൂടിച്ചേരലും നടക്കും. ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ ഉണ്ടാവും എന്നെല്ലാം പറയുമ്പോൾ അവയെപ്പറ്റി കൃത്യമായ ധാരണ ഇല്ലാത്തവർക്ക് വലിയ അത്ഭുതം തോന്നും. തീ കത്തുമ്പോഴും ശ്വസിക്കുമ്പോഴും സസ്യങ്ങൾ പ്രകാശസംശ്ലേഷണം നടത്തുമ്പോഴും എല്ലാം അന്തരീക്ഷത്തിൽ അണുക്കളുടെ വിഘടനവും കൂടിച്ചേരലും നടക്കുന്നുണ്ട്. അത് യാഗത്തിന്റെ ഫലമായി സവിശേഷമായി ഉണ്ടാകുന്നതല്ല. പ്രകാശവും താപവുമെല്ലാം ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ മുഖേനയാണ് പ്രസരണം ചെയ്യപ്പെടുന്നത്. എന്നാൽ അക്കാര്യത്തിലും പുതുമയല്ല. എന്നാൽ അദ്ദേഹം നടത്തിയ അടുത്ത നിരീക്ഷണങ്ങൾ ശാസ്ത്രകുതുകികളെ അല്പം ഞെട്ടിക്കുന്നതു തന്നെയായിരുന്നു. അന്തരീക്ഷത്തിലെ 75% മാലിന്യവും 15.6% ബാക്ടീരിയകളും കുറക്കാൻ യാഗം സഹായിക്കുമെന്നാണ് കണ്ടെത്തൽ. കണക്കുകളിലെ കൃത്യതകൊണ്ട് അങ്ങേയറ്റം ശാസ്ത്രീയമായ നീരീക്ഷണഫലമായാണ് കേൾക്കുന്നവർ ധരിക്കുക. എന്നാൽ അന്തരീക്ഷത്തിന്റെ അടിസ്ഥാനസ്വഭാവം വിവിധ വാതക തന്മാത്രകളുടെ നിരന്തരമായ ചലനമാണെന്ന ധാരണയുള്ള ആരും ഈ കണക്കുകൂട്ടലുകളിൽ അത്ഭുതപ്പെട്ടുപോകും. അവിടെ അന്തരീക്ഷം എന്ന് സൂചിപ്പിച്ചത് ഏത് സ്ഥലത്തെ അന്തരീക്ഷമാണ്. (അന്തരീക്ഷത്തിന് കൃത്യമായ അതിർത്തിയുണ്ടോ?)ഏത് സമയപരിധിക്കുള്ളിലാണ് ഈ മാറ്റം ഉണ്ടാവുക? യാഗങ്ങൾ മഴ സൃഷ്ടിക്കുമെന്നും തെളിഞ്ഞതായി അദ്ദേഹം പറയുന്നു. ഏപ്രിൽ മെയ് മാസങ്ങളിൽ ഒറ്റപ്പെട്ട വേനൽമഴ കേരളത്തിൽ മിക്കയിടങ്ങളിലും ഉണ്ടാകാറുണ്ട്. അത് യാഗത്തിന്റെ ഫലമായുണ്ടായതാണെന്ന് വിശ്വാസിക്ക് ആശ്വസിക്കാമെന്നല്ലാതെ അതിൽ യാതൊരു വസ്തുതയുമില്ല. കണ്ണൂരിലെ യാഗം നടന്ന സ്ഥലത്താകട്ടെ മഴ ലഭിക്കാൻ സാധാരണയിലും വൈകുകയാണുണ്ടായത്. വേണമെങ്കിൽ ഇപ്പോൾ മറിച്ചാവും അവകാശവാദം ഉന്നയിക്കുക. കാലവസ്ഥയേയോ അന്തരീക്ഷത്തെയോ മാറ്റിമറിച്ച് മഴപെയ്യിക്കാനോ വൈകിക്കാനോ യാഗത്തിന് യാതൊരു ശേഷിയുമില്ല എന്നതാണ് യാഥാർത്ഥ്യം.

യാഗം, ഹോമം തുടങ്ങിയവയെല്ലാം ലക്ഷ്യം വെക്കുന്നത് ദേവന്മാരെ പ്രീതിപ്പെടുത്തലാണല്ലോ. മനുഷ്യരെ എന്നപോലെ ദേവന്മാരെ സന്തോഷിപ്പിച്ച് അനുകൂലഫലം നേടിയെടുക്കാൻ ഏറ്റവും നല്ല ഉപാധി സ്തുതിഗീതവും പാരിതോഷികവും ഇഷ്ടഭോജ്യവുമാണെന്ന് മനുഷ്യർ പണ്ടേ വിശ്വസിച്ചിരുന്നു. അതിനാൽ അത്തരം പ്രവൃത്തികളാണ് യാഗത്തിൽ നടക്കുക. ഇവിടെ യാഗലക്ഷ്യം നേടാൻ ഉദ്ദേശിക്കുന്നത് ദേവപ്രസാദത്തിലൂടെയാണ്.

അല്ലാതെ ഭൗതികമായ എന്തെങ്കിലും പ്രക്രിയയിലൂടെയല്ല. പിന്നെന്തിനാണ് 'ശാസ്ത്രീയമായ' വ്യാഖ്യാനങ്ങൾ നൽകി ഭൗതികമായ കാര്യങ്ങളാണ് യാഗത്തിന്റെ പ്രതീക്ഷിത നേട്ടങ്ങൾക്ക് പിന്നിൽ എന്ന് വ്യാഖ്യാനിക്കുന്നത്? യാഗം ചെയ്യുന്നവരുടെതന്നെ ആത്മവിശ്വാസമില്ലായ്മയാണോ ഇത് സൂചിപ്പിക്കുന്നത്? ഇവ യഥാർത്ഥത്തിൽ ഈശ്വരസങ്കൽപ്പത്തിന് നിരക്കുന്നതാണോ അല്ലയോ എന്നും സംഘാടകർ ഉൽക്കണ്ഠപ്പെടുന്നില്ല. എന്തു പരിവേഷം നൽകിയാലാണ് ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റി ആകർഷിക്കുവാനും മാർക്കറ്റ് വിപുലപ്പെടുത്താനും കഴിയുക എന്ന ചിന്ത മാത്രമാണ് ഉള്ളത്. കപടശാസ്ത്രം കൊണ്ടുനടക്കുന്നവർ സാധാരണയായി പ്രയോഗിക്കുന്ന വാക്കുകളാണ് നെഗറ്റീവ് എനർജിയും പോസറ്റീവ് എനർജിയും. യാഗവും ഹോമവുമെല്ലാം പോസറ്റീവ് എൻർജിയുണ്ടാക്കുമത്രേ. അതുപോലെ പവിത്രമായതെല്ലാം പോസറ്റീവ് എനർജി പ്രസരിപ്പിക്കുമ്പോൾ നികൃഷ്ടമെന്ന് കരുതിയിരുന്നവയെല്ലാം നെഗറ്റീവ് എനർജിയാണ് പുറത്തേക്കുവിടുന്നതെന്നു വാദം. ചാതുർവർണ്ണ്യത്തിനും തീണ്ടലിനും തൊട്ടുകൂടായ്മക്കും ശാസ്ത്രീയപിൻബലം നൽകാൻ പറ്റിയ ഒരടവാണ് ഈ നെഗറ്റീവ് പോസറ്റീവ് എനർജികൾ. യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ ശാസ്ത്രത്തിന്റെ സമീപനം എന്താണ്? ഇവർ ധ്വനിപ്പിക്കുന്ന അർത്ഥത്തിലല്ലേയല്ല ഭൗതികശാസ്ത്രത്തിൽ എനർജിയെ പോസറ്റീവ് നെഗറ്റീവ് എന്നും വിശേഷിപ്പിക്കുന്നത്. നല്ലത് മോശം എന്നല്ല മറിച്ച് അവയുടെ പരസ്പര വിപരീതമായ ദിശകളെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വൈദ്യുതിയുടെ കാര്യത്തിൽ വൈദ്യുതപ്രവാഹത്തിനാധാരമായ ഇലക്ട്രോണിന്റെ പ്രവാഹദിശയാണ് നെഗറ്റീവ് ചാർജായി പരിഗണിക്കുന്നത്. ചലനത്തിന്റെ ഫലമായും വികർഷണത്തിന്റെ ഫലമായും ഉണ്ടാകുന്ന ഊർജ്ജത്തെ പോസറ്റീവായും ആകർഷണം മൂലമുണ്ടാകുന്ന സ്ഥാനീകോർജ്ജത്തെ നെഗറ്റീവുമായാണ് ശാസ്ത്രത്തിൽ പരിഗണിക്കുന്നത്. പദങ്ങൾ മാത്രം ശാസ്ത്രത്തിൽ നിന്ന് കടംകൊള്ളുകയും തെറ്റായ അർത്ഥത്തിൽ പ്രയോഗിക്കുകയും ചെയ്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയുമാണ് ഇവിടെയും ലക്ഷ്യം.

ശാസ്ത്രീയപദങ്ങളും കപടശാസ്ത്രവുമുപയോഗിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത് ആചാരനുഷ്ഠാനങ്ങളുടെ കാര്യത്തിൽ മാത്രമല്ല മിക്ക ബഹുരാഷ്ട്ര സ്വകാര്യകമ്പനികളും ഈ വിദ്യ ഉപയോഗിച്ച് ഇന്ന് കമ്പോളം വികസിപ്പിക്കുന്നുണ്ട്. പ്രത്യേക റേഡിയേഷനുകളിലൂടെ ശരീരത്തിലെ രോഗങ്ങൾ മാറ്റാൻ കഴിവുള്ള അടിവസ്ത്രങ്ങൾ പ്രചരിപ്പിക്കുന്ന കോണീബയോയും നെറ്റ്വർക്ക് മാർക്കറ്റിങ്ങിലൂടെ സർവ്വരോഗ സംഹാരികളായ മരുന്നുകൾ വിതരണം ചെയ്യുന്ന ആംവേയും ഈ വിധത്തിൽ ജനങ്ങളെ കബളിപ്പിക്കുകയാണ്.

നമ്മുടെ ശാസ്ത്രധാരണയെ എത്ര അനായാസമായി ദുരുപയോഗം

ചെയ്യാമെന്നതിന്റെ നല്ല ഉദാഹരണമാണ് ഹിന്ദുസ്ഥാൻലിവറിന്റെ ഉൽപ്പന്ന മായ കോൾഗേറ്റിന്റെ പരസ്യം. “നമ്മുടെ പല്ലുകളെ ബലപ്പെടുത്താൻ കോൾഗേറ്റ് ഉപയോഗിക്കൂ. എന്തുകൊണ്ടെന്നാൽ അതിൽ അടങ്ങിയിരിക്കുന്ന കാൽസ്യം മിനറൽസ് ഫോർമുല” എന്നാണല്ലോ പരസ്യം. കാൽസ്യം പല്ലിന്റെ ആരോഗ്യത്തിന് നല്ലതാണെന്ന് മാത്രം അറിയുകയും അതെങ്ങനെ ശരീരത്തിന് ലഭിക്കുന്നു എന്ന് ചിന്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ പരസ്യം വിശ്വസനീയമാവും. കേരളീയരുടെ പാതിവെന്ത ശാസ്ത്രധാര ണയെ ഉൽപ്പന്നം വിറ്റഴിക്കുന്നതിനായി കൗശലപൂർവ്വം ഉപയോഗിച്ചിരിക്കു കയാണിവിടെ. ലോട്ടറിയോടും നെറ്റ്വർക്ക് മാർക്കറ്റിംഗിനോടുമുള്ള മലയാ ളിയുടെ ഭ്രമത്തിന്റെയും അടിസ്ഥാനം യുക്തിരാഹിത്യം തന്നെ. ലോട്ടറി അടിച്ച് നിമിഷനേരം കൊണ്ട് സമ്പന്നരാകുന്നവരുടെ സചിത്രലേഖനം വായിച്ച് ആവേശഭരിതരായി ലോട്ടറി എടുക്കുമ്പോൾ കരുതുക, “ഒന്നുകിൽ കിട്ടും അല്ലെങ്കിൽ കിട്ടില്ല” അതിനാൽ സാധ്യത രണ്ടിൽ ഒന്നാണെന്നാണ്. എന്നാൽ ഏഴക്കമുള്ള ലോട്ടറിയടിക്കാൻ ഒരു കോടിയിൽ ഒന്നുമാത്രമാണ്, എന്ന് ആരും ചിന്തിക്കില്ല. അതുപോലെ ഒരാൾ മൂന്നുപേരെ ചേർത്ത് മുന്നേ റുമ്പോൾ ലഭ്യമാവുന്ന സൗഭാഗ്യങ്ങളെക്കുറിച്ച് സ്വപ്നം കാണുന്നവർ ഈ സ്വപ്നം എങ്ങനെ സാക്ഷാത്കരിക്കപ്പെടുമെന്നോ പത്തോ പതിനഞ്ചോ ഘട്ടം മുന്നേറുമ്പോൾ എത്ര പേർ അതിൽ ചേരണമെന്നോ ഒന്നും കണക്കു കൂട്ടി നോക്കുന്നതേയില്ല. പാർപ്പിടത്തിനും വാഹനങ്ങൾക്കും മറ്റ് ഉപഭോഗ സാധന ങ്ങൾക്കും പണം വാരിയെറിയുന്നതും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിന്റെ പിന്നാലെ പോയി നമ്മൾ പഠിച്ച നാട്ടിലെ പൊതുവിദ്യാലയത്തെ നാശത്തി ലേക്ക് നയിക്കുന്നതും എല്ലാം ഈ യുക്തിരാഹിത്യത്തിന്റെ തുടർച്ചയാണ്.

കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറുള്ള ആ പഴയ കഥയുണ്ടല്ലോ, പേടിത്തൊണ്ടനായ മുയലിന്റേയും സഹജീവികളുടേയും കഥ. ആകാശം ഇടിഞ്ഞുവീഴുന്നതിനെക്കുറിച്ചുള്ള കഥകൾ വായിച്ച് തെങ്ങിൻ ചുവട്ടിൽ കിട ന്നുറങ്ങിയ മുയൽ വലിയ ഒരു ശബ്ദം കേട്ട് ആകാശം പൊട്ടിവീഴുന്നേ എന്ന് നിലവിളിച്ചുകൊണ്ട് ഓടാൻ തുടങ്ങി. അതുകേട്ട മറ്റു മുയലുകളും കൂടെ കൂടി. ഓരോരുത്തരും ഇതുതന്നെ ആവർത്തിച്ചപ്പോൾ കാട്ടിലെ ജീവി കളെല്ലാം ഓടെടാ ഓട്ടം. അവസാനം ധീരനായ സിംഹം സത്യാവസ്ഥ കണ്ടെ ത്താനായി തെങ്ങിൻ ചുവട്ടിൽ ചെന്നപ്പോൾ ശബ്ദം തേങ്ങ വീണതുമൂലമാ ണെന്ന് മനസ്സിലാക്കുന്നതാണ് ആ കഥ. യുക്തിപൂർവ്വം ഒന്നിനേയും വിലയി രുത്താതെ ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ അപ്പടി അനുകരിക്കുന്ന കേരള ത്തിലെ ഇടത്തരക്കാരന്റെ മനോഭാവം ഈ കഥയിലെ മൃഗങ്ങളുടേതുതന്നെ.

# തിരിച്ചുപോക്കിനു പിറകിൽ

പക്ഷേ എന്തുകൊണ്ട് കേരളം ഇങ്ങനെ മാറി? പലരും ചോദിക്കുന്ന ചോദ്യ മാണിത്. ഈ മാറ്റത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഉണ്ട്. അടിസ്ഥാനപരമായി നമ്മുടെ വിദ്യാഭ്യാസത്തിന്റെ തകരാറുതന്നെ. കാര്യങ്ങളെ അപഗ്രഥിച്ച് ചുറ്റുപാടുകളെ മനസ്സിലാക്കാനുള്ള ശേഷി ശാസ്ത്ര വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടതാണ്. പകരം മനപ്പാഠം പഠിച്ച് പരീ ക്ഷയെഴുതി മുന്നോട്ട് പോയാൽ ഏത് ഉയർന്ന ശാസ്ത്രബിരുദവും ലഭ്യ മാകും എന്നതാണ് ഇന്നത്തെ സ്ഥിതി. തന്മൂലം പരസ്പരവിരുദ്ധമായ ആശ യങ്ങളിൽ ഒരേസമയം അവഗാഹം നേടാനും പ്രസംഗിക്കാനും പലർക്കും മടിയില്ല. പ്രപഞ്ച ഉത്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയധാരണയും ഉത്പ ത്തിസിദ്ധാന്തവും ഒരേ സമയം ഇവർ വിശ്വസിക്കും. സ്കൂളിൽ പരിണാമ സിദ്ധാന്തവും വേദപാഠക്ലാസ്സിൽ ഉത്പത്തിസിദ്ധാന്തവും ഒരാൾ തന്നെ പഠി പ്പിക്കും. ബഹിരാകാശ പര്യവേക്ഷണത്തിൽ ഏർപ്പെടുമ്പോൾതന്നെ ജ്യോതി ഷത്തേയും ആശ്രയിക്കും. ഒരുഘട്ടത്തിൽ അവയെല്ലാം ഒന്നുതന്നെ എന്ന് സ്ഥാപിക്കാൻ തന്റേതായ വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇന്ന് ശാസ്ത്രലോകത്തുള്ള പലർക്കും സംഭവിക്കുന്നത് ഇതാണ്. അപ്പോൾ പ്രകൃ തിയേയും സമൂഹത്തേയും മനസ്സിലാക്കാനും മാറ്റാനുമുള്ളതാണ് ശാസ്ത്ര മെന്നും അത് നിരന്തരം വികസിക്കുന്നതാണെന്നുമുള്ള കാഴ്ചപ്പാടിനുപകരം എവിടൊക്കെയോ എഴുതിവച്ച പ്രമാണങ്ങൾ മാത്രമായി മാറും ആ പ്രമാ ണങ്ങളും അതിലെ പദങ്ങളും ആരൊക്കെ എടുത്ത് ഉപയോഗിക്കുന്നുവോ അവരൊക്കെ ശാസ്ത്രജ്ഞരായി മാറും.

**ആഗോളവത്കരണത്തിന്റെ കെണികൾ**

തീക്ഷ്ണമായ രീതിയിൽ കേരളസമൂഹത്തിൽ ഇത്തരം മാറ്റങ്ങൾ ഉണ്ടാ

യത് അടുത്ത കാലത്താണല്ലോ. ഇതിനിടയാക്കിയത് ആഗോളവത്കരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളാണ്. ഉദാരവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും നയങ്ങൾ സർക്കാരുകൾ സ്വീകരിക്കാൻ തുടങ്ങിയതോടെ കമ്പോളമൂല്യങ്ങൾക്ക് സമൂഹത്തിൽ മറ്റെന്തിനേക്കാളും ആധിപത്യമായി. ലാഭമാണ് പരമമായ ലക്ഷ്യമെന്നും പണമുണ്ടാക്കാൻ എന്തും ആവാമെന്നുമുള്ള സ്ഥിതി വന്നു. നാം ചെറിയ ക്ലാസിൽ പഠിച്ച 'വിത്തമെന്തിനു മർത്യന് വിദ്യ കൈവശമാകുകിൽ' എന്ന വരികൾ ഇന്നത്തെ തലമുറ കേട്ടാൽ ചിരിക്കും. അവർ കണ്ടുവരുന്നത് 'വിദ്യയെന്തിനു മർത്യന് വിത്തം കൈവശമാകുകിൽ' എന്നാണല്ലോ. ഈ മൂല്യങ്ങളെ ബോധപൂർവ്വമായി നിരാകരിക്കാൻ ശ്രമിച്ചവരും പിന്നീട് അതിലേക്ക് വഴുതിവീഴുകയാണ്. വിദ്യാഭ്യാസം,ആരോഗ്യം, പൊതുവിതരണസംവിധാനം തുടങ്ങി നാനാമേഖലകളിലും സർക്കാർ സജീവസാന്നിദ്ധ്യമായതുകൊണ്ട് ഏവർക്കും ഒരു സുരക്ഷിതത്വബോധമുണ്ടായിരുന്നു. എന്നാൽ തനിക്കും കുടുംബത്തിനും നിലനിൽക്കണമെങ്കിൽത്തന്നെ കൂടുതൽ പണം സമ്പാദിച്ചുകൊണ്ടേയിരിക്കണം എന്ന ചിന്ത ഉള്ളവരേയും നിലക്കാത്ത ബദ്ധപ്പാട് ഇല്ലാത്തവരേയും കീഴ്പ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തൊഴിലിന്റെ കാര്യത്തിൽ ചികിത്സയുടെ കാര്യത്തിൽ....എവിടേയും അനിശ്ചിതത്വം....ഈ അനിശ്ചിതത്വത്തിന് ഉത്തമ ദൃഷ്ടാന്തമാണ് ഇൻഷ്വറൻസ് മേഖല. മറ്റൊരു രീതിയിൽ അനിശ്ചിതത്വത്തെ മുതലാക്കിക്കൊണ്ട് വളർന്നുവരികയാണ് ആത്മീയകച്ചവടം.

**മാധ്യമങ്ങളുടെ പങ്ക്**

ഇന്ന് സമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന യാഗം, ജീർണ്ണോദ്ധാരണം, സ്വർണപ്രശ്നം തുടങ്ങി മതവിശ്വാസത്തിലും ദൈവവിശ്വാസത്താലും പ്രേരിതമെന്ന് തോന്നിപ്പോകുന്ന ഏത് പരിപാടിയുടേയും പിന്നിൽ ലക്ഷക്കണക്കിന് രൂപയുടെ ഇടപാടുകളാണ് നടക്കുന്നത്. ഈ കച്ചവടത്തിന്റെ പങ്കുപറ്റാൻ മാധ്യമങ്ങളും വ്യാപാരികളും മത്സരിച്ചു രംഗത്തുണ്ടായിരുന്നു. തൃശ്ശൂരിൽ നടന്ന യാഗത്തിന്റെ നിവേദ്യം സ്വർണലോക്കറ്റായിരുന്നു. അക്ഷയതൃതീയക്കായി ഒട്ടുമിക്ക പത്രങ്ങളും സപ്ലിമെന്റ് ഇറക്കിയത് നാം നേരത്തെ സൂചിപ്പിച്ചു. അതായത് ആത്മീയത എന്നത് ആഗോളവത്കരണ കാലഘട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കച്ചവടവസ്തുവായി മാറിയിരിക്കുന്നു എന്നർത്ഥം. 80കളുടെ ഒടുക്കത്തോടെ ദൃശ്യമാധ്യമങ്ങൾ പ്രചാരത്തിൽ വന്നല്ലോ. മലയാളികളുടെ മനസ്സിനേയും ചിന്തയേയും മുഖ്യമായി നിയന്ത്രിക്കുന്നത് മാധ്യമങ്ങളാണ്. അവിടേയും കഴുത്തറപ്പൻ മത്സരമായതിനാൽ സാമൂഹ്യബോധവത്കരണമല്ല അവർ ഏറ്റെടുത്തിട്ടുള്ളത്. പരസ്യം കിട്ടാനും സർക്കുലേഷൻ വർധിപ്പിക്കാനും ഏതറ്റംവരെയും പോകാനും മാധ്യമമുതലാളിമാർ തയ്യാറാണ്. ആശയപരമായ സംവാദങ്ങൾക്കു പകരം

വിവാദങ്ങൾക്കാണ് ഊന്നൽ. സമൂഹത്തിനുവേണ്ടി സ്വന്തം ജീവിതം ബലിയർപ്പിക്കുന്നവരേക്കാൾ പണവും പ്രശസ്തിയും എളുപ്പം കൈവരുന്ന മേഖലകളിലെ പ്രശ്നം മാതൃകകളാക്കാനാണ് മാധ്യമങ്ങൾക്ക് താല്പര്യം. ഇന്നത്തെ യുവതലമുറയുടെ ആദർശപുരുഷന്മാർ ക്രിക്കറ്റ്താരങ്ങളോ സിനിമാതാരങ്ങളോ മാത്രമാണ്. ഇവരിൽ പലരും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട് അറിഞ്ഞോ അറിയാതെയോ അന്ധവിശ്വാസങ്ങൾക്ക് നിരന്തരം പ്രചാരണം നൽകുന്നു. കോടിക്കണക്കിന് രൂപയാണ് യാഗങ്ങൾ എന്ന പേരിൽ സംഘടിത പരിപാടികൾക്ക് ചെലവാക്കുന്നത്. നടത്തിക്കഴിയുമ്പോൾ അതിന്റെ പതിന്മടങ്ങ് വരുമാനമുണ്ടാകുകയും ചെയ്യും.

**ലക്ഷ്യം അരാഷ്ട്രീയവത്കരണം**

കേരളത്തിലെ ജന്മിത്തവിരുദ്ധ സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനങ്ങൾക്കും തൊഴിലാളി സമരങ്ങൾക്കും വീറും വാശിയും നൽകിയത് വായനശാലകളും കലാസമിതികളും കേന്ദ്രീകരിച്ചുനടന്ന സാംസ്ക്കാരികപ്രവർത്തനങ്ങളായിരുന്നു. അക്കാലത്തെ ഒട്ടുമിക്ക സാഹിത്യസൃഷ്ടികളും, നാടകവും, സിനിമയുമെല്ലാം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചോദ്യം ചെയ്യുന്നതും പുതുലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ നൽകുന്നതുമായിരുന്നു. 'വിത്തനാഥന്റെ ബേബിക്ക് പാലും, നിർധന ചെറുക്കന് ഉമിനീരും, ഈശ്വരേച്ഛയെങ്കിൽ അമ്മട്ടിലുള്ളീശ്വരനെ ചവിട്ടുക നമ്മൾ' എന്ന് ചങ്ങമ്പുഴയും 'കർത്താവിനെന്തിനാ പൊൻകുരിശ്'? എന്ന് തോമയെകൊണ്ട് പറയിപ്പിച്ച ബഷീറുമെല്ലാം മലയാളിയുടെ ബോധത്തെ ഉണർത്തിയവരത്രേ.

അക്കാലത്തെ രാഷ്ട്രീയ നേതൃത്വവും യുക്തിചിന്ത ഉയർത്തി പിടിക്കാൻ ശ്രദ്ധിച്ചു. ഭൗതികവാദത്തെ അടിസ്ഥാനമാക്കി പ്രവർത്തിച്ച കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, കോൺഗ്രസ് നേതാക്കളായ കേളപ്പജിയും, പനമ്പള്ളി ഗോവിന്ദമേനോനും, സി. കേശവനുമെല്ലാം യുക്തിചിന്തയുടെ പ്രചാരകർ കൂടിയായിരുന്നു. ദേശീയരംഗത്താകട്ടെ ധീരവിപ്ലവകാരി ഭഗത്സിംഗ് അടിയുറച്ച ഭൗതികവാദിയായിരുന്നു. ജവഹർലാൽ നെഹ്റു സ്വയം ഭൗതികവാദിയാണെന്നതിൽ അഭിമാനംകൊള്ളുകയും ശാസ്ത്രത്തിന്റെ രീതിയും നേട്ടവും സ്വാംശീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്ത നേതാവാണ്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ സാംസ്ക്കാരിക രാഷ്ട്രീയരംഗങ്ങളിൽ അത്തരം വ്യക്തിത്വങ്ങൾ ഇന്ന് അപൂർവ്വമായിരിക്കുന്നു എന്ന് മാത്രമല്ല ആൾദൈവങ്ങളുടെയും മറ്റ് ആത്മീയവ്യാപാരങ്ങളുടെയും കേന്ദ്രങ്ങളിലേക്ക് തീർത്ഥയാത്ര നടത്തുന്നവരായി ചിലരെങ്കിലും മാറിപ്പോകുന്ന അവസ്ഥയാണുള്ളത്. സാംസ്ക്കാരിക പ്രവർത്തനമെന്നാൽ വിനോദപരിപാടിയും കായികമത്സരങ്ങളും മാത്രം എന്ന സ്ഥിതിയും വന്നുചേർന്നു. എന്നാൽ ഇതിനിടയിൽ മറ്റൊരു ചർച്ചയും ഉയർന്നുവരുന്നുണ്ട്. 'കേരളത്തിൽ ബഹുഭൂരിപക്ഷവും തെരഞ്ഞെടുപ്പടക്കമുള്ള രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടു

ക്കുന്നില്ലേ? നാട്ടിലെ സാമൂഹ്യപ്രവർത്തനങ്ങളിലും അവർ പങ്കാളികളാവുന്നില്ലെ?

അതിനൊക്കെ അവർ കൈയയച്ച് സഹായിക്കുന്നില്ലെ? എങ്കിൽ ഇത്തരം വിശ്വാസങ്ങൾ അവർക്ക് മനസ്സിന് ആശ്വാസം നൽകുന്നുവെങ്കിൽ നാം എന്തിന് എതിർക്കണം?'

മേൽപ്പറഞ്ഞതൊക്കെ മാത്രമാണ് രാഷ്ട്രീയപ്രവർത്തനമെങ്കിൽ ഉൽകണ്ഠയ്ക്ക് ഇപ്പോൾ അടിസ്ഥാനമില്ല. രാഷ്ട്രീയമെന്നാൽ വരും സമൂഹത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും അതിനായി സാമൂഹ്യമായി ഇടപെടാനുള്ള സന്നദ്ധതയുമാണെങ്കിൽ കേരളത്തിൽ രാഷ്ട്രീയം അതിവേഗത്തിൽ ശോഷിക്കുകയാണ്. ഇടത്തരക്കാരിലും യുവതലമുറയിലുംപെട്ട നല്ലൊരു ശതമാനത്തിന്റെയും മനസ്സിൽ ഇന്ന് രാഷ്ട്രീയമില്ല. ചില ഒഴുക്കിലൊ നിർബന്ധത്തിലൊ പെട്ട് അവർ ദൃശ്യരായേക്കാം. എന്നാൽ ഭാവിയെ സംബന്ധിച്ച് ഗൗരവമായ ചർച്ചകളിലൊന്നിലും അവരെ കാണാൻ കഴിയുന്നേയില്ല. കേരളത്തിൽ ഏറെ ശ്രദ്ധേയമായി നടന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ മുഖ്യമായി ശ്രദ്ധിക്കപ്പെട്ട ഒരു വിഷയം മധ്യവർഗ്ഗത്തിൽപ്പെട്ടവർ അതിൽ താൽപര്യം പ്രകടിപ്പിക്കാതിരുന്നതാണല്ലോ. പങ്കെടുത്ത മറ്റുള്ളവരിലാകട്ടെ നല്ലൊരു ശതമാനത്തിനും തങ്ങൾക്ക് എന്ത് കിട്ടും എന്ന ചിന്തയായിരുന്നു മുന്നിൽ. ഓരോ വ്യക്തിയുടെയും ജീവിതം വ്യക്തി, കുടുംബം, സമൂഹം, പരിസ്ഥിതി എന്നീ തലങ്ങളിലുള്ള പ്രശ്നങ്ങളാലാണ് നിർണ്ണയിക്കപ്പെടുന്നത്. അതിനാൽ ഈ മേഖലകളുടെ എല്ലാം അടിസ്ഥാനത്തിലുള്ള ഇടപെടലുകളിലൂടെ മാത്രമെ വ്യക്തിക്കും സമൂഹത്തിനും നിലനിൽപ്പുള്ളൂ എന്ന തിരിച്ചറിവ് അനിവാര്യമാണ്. എന്നാൽ വ്യക്തിക്കും കുടുംബത്തിനും പുറത്ത് മറ്റൊന്നും ശ്രദ്ധിക്കാൻ മിക്കവർക്കും കഴിയുന്നില്ല. അതിനാൽ രാഷ്ട്രീയം അവർക്ക് അപ്രസക്തമാണ്. നേരിടുന്ന പ്രശ്നങ്ങളെല്ലാം വ്യക്തിഗതങ്ങളാണ് എന്നു തോന്നുന്നതിനാൽ പരിഹാരങ്ങളും വ്യക്തിഗതമായാണ് ഉണ്ടാവേണ്ടത് എന്നവർ കരുതുന്നു. സാമൂഹ്യസംഘടനകളെപോലും ഇക്കൂട്ടർ കാണുന്നത് സ്വന്തം കാര്യസാധ്യത്തിനായി വ്യക്തിഗതമായ ഇടപെടലിനുള്ള ഉപകരണമായാണ്. ഈ വിധം പ്രശ്നങ്ങൾ പരിഹൃതമാവാതെ വരുമ്പോൾ അഥവാ തന്റെ കഴിവിനപ്പുറത്തുള്ള കാര്യങ്ങൾ വരുമ്പോൾ പിന്നെ ആശ്രയിക്കുക എന്തും നൽകാൻ കഴിവുള്ള ദൈവികശേഷിയിലാണ്. അവയെ പ്രസാദിപ്പിക്കാൻ ഏതറ്റംവരെയും പോകും. എത്രവേണമെങ്കിലും നൽകും. ഒരു വിശ്വാസത്തിലൂടെ സാധ്യമായില്ലെങ്കിൽ മറ്റൊന്നിൽ അഭയംതേടും ഇന്ന് വളർന്നുവരുന്ന കൂട്ടായ്മകൾ പ്രധാനമായും പലതും ഇത്തരം വിശ്വാസങ്ങളുടെ അടിസ്ഥാനത്തിലാണെന്നത് ശ്രദ്ധേയമാണ്. സാമൂഹ്യപ്രശ്നങ്ങളുടെ ശാസ്ത്രീയതിരിച്ചറിയൽ ശേഷിയില്ലായ്മയിൽ നിന്നാണ് ഇത്തരം പ്രവണതകൾ വളരുന്നത്. അരാഷ്ട്രീയ ചിന്താഗതി സമൂഹത്തിൽ കൂടുതൽ പര

ക്കുന്നതിന് ഇത് കാരണമാകുന്നു.

**വർഗ്ഗീയതയുടെ വിഷം പരക്കുന്നു.**

രാഷ്ട്രീയത്തിന് പകരമായി പിന്നീട് വളർന്നുവരിക വർഗ്ഗീയതയാണ്. ജീവിതപ്രശ്നങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹരിക്കുന്നതിനേക്കാൾ വിശ്വാസങ്ങൾ സംരക്ഷിക്കലും അതിനുവേണ്ടിയുള്ള സംഘടിതപ്രവർത്തനവുമാണ് പ്രധാനമെന്ന ധാരണയാണ് വർഗ്ഗീയതയ്ക്ക് അടിസ്ഥാനം. കേരളത്തിൽ വർഗ്ഗീയതയും ഫാസിസവും വളർന്നുവരുന്നത് ഈ ചാലുകളിലൂടെയാണെന്നു കാണാൻ വലിയ പ്രയാസമില്ല. ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. നാം ചോദ്യം ചെയ്യുന്നത് ദൈവവിശ്വാസത്തെയല്ല. ഇന്നത്തെ സംഘർഷഭരിതമായ ലോകത്തിൽ ദൈവം ബഹുഭൂരിപക്ഷത്തിനും ഒരാവശ്യമായേക്കും. തന്റെ ചിന്തയ്ക്കും കഴിവിനുമപ്പുറത്ത് കാര്യങ്ങൾ ഉള്ളിടത്തോളം കാലം ദൈവങ്ങളിൽ വിശ്വസിക്കാനുള്ള പ്രവണത മനുഷ്യനിലുണ്ടാവും എന്നാൽ ഈ വിധം വിശ്വസിക്കുമ്പോൾ തന്നെ തനിക്ക് കാരണം കണ്ടെത്താൻ പറ്റുന്ന കാര്യങ്ങൾ കാണാനും മാറ്റിയെടുക്കാനും പ്രയത്നിക്കാനും ഓരോരുത്തർക്കുമാവണം. ഈശ്വരനിൽ വിശ്വസിച്ചുകൊണ്ട് തന്നെ സാമൂഹ്യമായി സംഘടിക്കാനും ഇടപെടാനും പ്രേരിപ്പിച്ചവരാണ് വിവേകാനന്ദനും ശ്രീനാരായണഗുരുവും ഗാന്ധിജിയുമൊക്കെ. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യനിലെ സാമൂഹ്യബോധത്തെയും സർഗാത്മകതയെയും കരുത്തുറ്റതാക്കാൻ പോലും അവർ വിശ്വാസത്തെ ഉപയോഗിച്ചു. എന്നാൽ ഇന്നത്തെ ആത്മീയ കച്ചവടവും അന്ധവിശ്വാസങ്ങളും മനുഷ്യന്റെ കഴിവിനെ വളർത്തിയെടുക്കാനല്ല, മറിച്ച് സാമൂഹ്യമായി നിസ്സംഗനാക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ വിശ്വാസത്തെതന്നെ ചിലരുടെ ഭൗതിക സമ്പത്ത് വർധിപ്പിക്കാനുള്ള കച്ചവട സാധ്യതയാണ് കാണുന്നത്. അതിനാലാണ് ഇന്നത്തെ ആത്മീയതയ്ക്ക് ചുറ്റും ജ്യോതിഷവും വാസ്തുവും മന്ത്രവാദവും ഹോമവും യോഗവും ധ്യാനകേന്ദ്രങ്ങളുമെല്ലാം ഒട്ടിപ്പിടിച്ച് നിൽക്കുന്നത്. ഇവയെ എതിർത്ത് തോൽപ്പിച്ചാൽ മാത്രമേ ദൈവവിശ്വാസവും സർഗാത്മകമാകൂ. സാമൂഹ്യപരിഷ്ക്കർത്താക്കളും ഗാന്ധിജിയും ചെയ്തത് അതാണ്.

**സ്വയം ഉണരുക നാടിനെയുണർത്തുക**

ഇന്ന് കേരളം ആവശ്യപ്പെടുന്നത് പുതിയൊരു നവോത്ഥാനക്കൂട്ടായ്മയാണ്. വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർക്കും ഒരു മതത്തിലും വിശ്വസിക്കാത്തവർക്കും ഈ കൂട്ടായ്മയിൽ സ്ഥാനം വേണം. അന്ധവിശ്വാസങ്ങൾക്ക് എതിരെ വ്യക്തിപരമായി ഇന്നും ധീരമായ നിലപാട് എടുത്തുകൊണ്ടിരിക്കുന്ന ഒട്ടേറെ പേർ നമുക്ക് ചുറ്റുമുണ്ട്. ഇത്തരം ഒരാവശ്യകത തിരിച്ചറിഞ്ഞിട്ടുള്ളവരാണ് കേരളത്തിലെ പുരോഗമന സ്വഭാവമുള്ള സംഘടനകളും ഇല്ലാത്തത് അവരുടെ കൂട്ടായ്മയുമാണ്. കമ്പോളശക്തികളുടെ രക്ഷാ

കർതൃത്വത്തിൽ സമൂഹത്തിൽ വളർന്നുവരുന്ന യുക്തിരാഹിത്യത്തിനെതിരെ സാധ്യമായ മുഴുവൻ ശക്തിയും സംഭരിച്ച് പോരാടേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. അന്ധവിശ്വാസങ്ങളുടെയും ഭക്തിയുടെയും പേരിൽ നട ക്കുന്ന ചൂഷണങ്ങൾക്ക് അറുതിവരുത്താൻ ഈ മുന്നേറ്റത്തിന് കഴിയണം. ഇല്ലെങ്കിൽ ഈ കപട വിശ്വാസങ്ങൾക്ക് പുറമ്പറ്റി ഇവിടെ വളർന്നുവരിക വർഗീയതയും വിഭാഗീയതയുമായിരിക്കും. നമുക്ക് കഴിഞ്ഞ തലമുറയിൽ നിന്ന് കൈമാറിക്കിട്ടിയ ലോകത്തെക്കാൾ മെച്ചപ്പെട്ട ഒരു ലോകമായിരിക്കണം നാം വരും തലമുറയ്ക്കായി ബാക്കിവെക്കേണ്ടത്. അതിനായി യുക്തിചി ന്തയ്ക്കും രാഷ്ട്രീയബോധത്തിനും സമൂഹത്തിൽ വീണ്ടും മേൽക്കോയ്മയു ണ്ടാക്കാനുള്ള ശാസ്ത്രബോധം ഉളവാക്കുന്ന പ്രവർത്തനങ്ങളിൽ നമുക്ക് ഒത്തൊരുമിച്ച് ഏർപ്പെടാം.